
ISO 9001-2015 CERTIFIED
ഗാന്ധിഭവൻ
സ്നേഹരാജ്യം
സെപ്തംബർ 2026
ഗാന്ധിഭവനിലെ
മകൾക്ക്
മാംഗല്യം


GANDHIBHAVAN INTERNATIONAL TRUST
ഗാന്ധിഭവൻ
തിയേറ്റർ ഇന്ത്യ
പത്തനാപുരം
കൂട്
ഫ്രാൻസിസ് ടി.മാവേലിക്കര
പുനലൂർ സോമരാജൻ
ആർട്ടിസ്റ്റ് സുജാതൻ | പ്രഭാവർമ്മ | ഉദയകുമാർ അഞ്ചൽ
സുദർശൻ കാർത്തികപ്പറമ്പിൽ | പ്രകാശ് വിഗ്സ് | സുബീഷ്. വി. പി
മീനമ്പലം സന്തോഷ്
ബുക്കിംഗ് തുടരുന്നു...
സെക്രട്ടറി, ഗാന്ധിഭവൻ തിയേറ്റർ ഇന്ത്യ,
പത്തനാപുരം, കുണ്ടയം. പി.ഒ, കൊല്ലം 689695
ഫോൺ: 9645755001, 9995727960, 9447030083

ഗാന്ധിഭവൻ
സ്നേഹരാജ്യം
ISO 9001 : 2015 Certified
ആഗസ്റ്റ് 2026 | പുസ്തകം 21 | ലക്കം 4

# ഉൾപ്പേജുകളിൽ

**കാരുണ്യത്തിന്റെ മൂവർ സംഘം** ........ 06

**ഉമ്മൻചാണ്ടിയുടെ ആത്മകഥയും മമ്മൂട്ടിയും** ........ 07

**ഗൗതമിയുടെ സ്വപ്നങ്ങൾ** ........ 08

കവിത
**പുതുമഴ**
എ.ജെ. പ്രകാശം ഏരൂർ ........ 09

**ഗാന്ധിഭവൻ ബന്ധു ബ്രിട്ടീഷ് പാർലമെന്റംഗം** ........ 10

**ഡോ. എ.വി. അനൂപ് ബഹുമുഖ പ്രതിഭ** ........ 11

**നാലുപേരെ സഹായിക്കുന്ന തൊഴിലല്ലേ നല്ലത്** ........ 12

**ഓണക്കിറ്റിന്റെ തുടക്കം,
എം.എൽ.എ കീറക്കടലാസിലെഴുതിയ കത്ത്** ........ 13

പ്രവാസിക്കുറിപ്പ്
**പണം കൊണ്ട് വാങ്ങാനാവാത്ത സമ്പത്ത്**
നസീർ വെളിയിൽ ........ 16

കുടുംബം
**കുടുംബം ഇങ്ങനെ**
സ്നേഹരാജ്യം ന്യൂസ് ബ്യൂറോ ........ 17

**ഒരു നാട്ടിൻപുറത്തുകാരന്റെ ഓണം**
തെങ്ങമം ബാലകൃഷ്ണൻ ........ 22

**കവിത**
**എതിരൊഴുക്ക്**
രാജീവ് ആലുങ്കൽ ........ 25

വാർത്ത
**രാഷ്ട്രസേവാ പുരസ്കാരം കെ.സി വേണുഗോപാലിന്** ........ 26

**കുറുപ്പു സാറിന്റെ വിശേഷങ്ങൾ** ........ 28

ഗാന്ധിഭവൻ വാർത്ത ........ 30

**വരരുചി**
പാച്ചൻ കൊട്ടിയം ........ 42



**40**
ഗാന്ധിഭവനിലെ വിവാഹം



**14**
നക്ഷത്രങ്ങളേ കാവൽ
സിനിമയ്ക്കു വഴങ്ങാത്ത
**പത്മരാജന്റെ നോവൽ**



**19**
പൗരോഹിത്യം
**ഇങ്ങനെയും**



**21**
പീതാംബരകുറുപ്പ്:
കേരള രാഷ്ട്രീയത്തിലെ
ഋഷിവര്യൻ




കവർ : ചൈതന്യ, അഖിൽ
ഫോട്ടോ : ബിനോയ് പുനലൂർ

ഗാന്ധിഭവൻ
**സ്നേഹരാജ്യം**

എക്സിക്യൂട്ടീവ് പേട്രൺ
ടി.കെ.എ. നായർ
മുൻ പ്രധാനമന്ത്രിയുടെ
പ്രിൻസിപ്പൽ സെക്രട്ടറി

മുഖ്യ രക്ഷാധികാരി
കെ. മുരളീധരൻ
മുരളിയ ഫൗണ്ടേഷൻ

മാനേജിംഗ് എഡിറ്റർ
പുനലൂർ സോമരാജൻ

ചീഫ് എഡിറ്റർ
പി.എസ്. അമൽരാജ്

സ്പെഷ്യൽ കറസ്പോണ്ടന്റ്
കല്ലമ്പള്ളി കൃഷ്ണൻ നായർ

ജനറൽ എഡിറ്റർ
പല്ലിശ്ശേരി

ചീഫ് ജനറൽ മാനേജർ
വിജയൻ ആമ്പാടി

ജനറൽ മാനേജർ (പരസ്യ വിഭാഗം)
കെ. സാബു

കവർ ഡിസൈൻ & പേജ് ലേ-ഔട്ട്
അരവിന്ദ് എസ്.

എഡിറ്റോറിയൽ ഓഫീസ്
ഗാന്ധിഭവൻ സ്നേഹരാജ്യം
പത്തനാപുരം, കൊല്ലം-689695
ഫോൺ : 0475 2350099, 9605073000
ഇ-മെയിൽ: sneharajyam@gmail.com

Follow us on
sneharajyam sneharajyam

ലേഖകരുടെ അഭിപ്രായങ്ങൾ
സ്നേഹരാജ്യത്തിന്റേതായിക്കൊള്ളണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം
ലേഖകർക്കു മാത്രമായിരിക്കും



# അമ്മ

**"ഞാൻ ദൈവത്തിന്റെ ബാങ്കിൽ പണം നിക്ഷേപിക്കുകയാണ്. ഞാൻ ചെയ്യുന്ന കാരുണ്യമാണ് ആ പണം. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന് പഠിപ്പിച്ച ഗുരുവിന്റെ സന്ദേശമാണ് ഞാൻ ജീവിതമാക്കുന്നത്. ഇവിടെ ഒന്നും കൂട്ടിവെക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല, ഇവിടെ നിന്നും പോകുമ്പോൾ സ്വർഗ്ഗത്തിൽ എനിക്കൊരു മുറിയുണ്ടാകണം."**

"ഗാന്ധിഭവനിലെ മക്കൾക്ക് ഈ വർഷത്തെ ഓണ ഉപ്പേരിക്ക് ഞാൻ ഓർഡർ നൽകിയിട്ടുണ്ട്, അടുത്ത ആഴ്ച എത്തും", ഒരു കുറവും ആർക്കും വരുത്തരുത്' എന്ന് അവസാന നിമിഷങ്ങളിൽ പോലും മറ്റുള്ളവരെക്കുറിച്ച് ആകുലപ്പെട്ട അമ്മയുടെ വാത്സല്യം ഓർമ്മകളിൽ എന്നെന്നും നിറഞ്ഞുനിൽക്കും. ആ വാക്കുകൾ കേട്ട് അമ്മയെ കെട്ടിപ്പിടിച്ച് ഉമ്മ വെച്ചതും, ഒരു കൊച്ചു കുഞ്ഞിനെപ്പോലെ അമ്മ എന്റെ നെഞ്ചോട് ചേർന്നുനിന്നതും മൂന്നു ദിവസം മുമ്പാണ്. അതായത് ആഗസ്റ്റ് 6 ന്.

എന്തിനാണ് ഈ പ്രായത്തിലും ഓടി നടന്ന് എല്ലാവരെയും സഹായിക്കുന്നത്' എന്ന് ഒരിക്കൽ ചോദിച്ചപ്പോൾ അമ്മ നൽകിയ മറുപടി ജീവിതത്തിലെ ഏറ്റവും വലിയ പാഠമായിരുന്നു: "ഞാൻ ദൈവത്തിന്റെ ബാങ്കിൽ പണം നിക്ഷേപിക്കുകയാണ്. ഞാൻ ചെയ്യുന്ന കാരുണ്യമാണ് ആ പണം. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന് പഠിപ്പിച്ച ഗുരുവിന്റെ സന്ദേശമാണ് ഞാൻ ജീവിതമാക്കുന്നത്. ഇവിടെ ഒന്നും കൂട്ടിവെക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല, ഇവിടെനിന്നും പോകുമ്പോൾ സ്വർഗ്ഗത്തിൽ എനിക്കൊരു മുറിയുണ്ടാകണം."

2004-ൽ ഒരു ചടങ്ങിൽ വെച്ചാണ് ഞാൻ ആദ്യമായി അമ്മച്ചിയെ പരിചയപ്പെടുന്നത്. വെളുത്ത വസ്ത്രവും നരച്ച തലമുടിയും, മുഖത്തും കണ്ണുകളിലും പുഞ്ചിരിയും തേജസ്സും

നിറഞ്ഞ ആ രൂപം ഇന്നും മനസ്സിൽ മായാതെയുണ്ട്. അന്ന് കൈകൾ ചേർത്തുപിടിച്ച് തുടങ്ങിയ ആ ബന്ധം പിന്നീട് ഗാന്ധിഭവന്റെ വലിയൊരു തണലായി മാറുകയായിരുന്നു.

കൊട്ടാരക്കരയിലെ പ്രശസ്തമായ കുരാക്കർ ഫാമിലിയിലെ അംഗവും, വനിതാപ്രവർത്തക സംഘത്തിന്റെ ചെയർപേഴ്സണുമായിരുന്ന അമ്മച്ചി, സ്വന്തം ബന്ധുക്കളിൽ കാരുണ്യവും നന്മയും വളർത്താൻ എപ്പോഴും പരിശ്രമിച്ചു. ഗാന്ധിഭവൻ സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടുകൾ നേരിട്ടിരുന്ന കാലത്ത് പ്രൊഫ. ജോൺ കുരാക്കർ സാറിനും മറ്റ് ബന്ധുക്കൾക്കുമൊപ്പം പലഹാരങ്ങളും വിഭവങ്ങളുമായി കടന്നുവന്ന അമ്മച്ചിയുടെ രൂപം ഒരിക്കലും മറക്കാനാവില്ല.

തുടർന്നിങ്ങോട്ട് രണ്ടാഴ്ച കൂടുമ്പോൾ ആട്ടോറിക്ഷയിൽ തന്റെ പുരയിടത്തിലെ അരിയും നാളികേരവും വാഴക്കുലയും കുട്ടികൾക്കുള്ള പലഹാരങ്ങളും വസ്ത്രങ്ങളുമായി അമ്മച്ചി ഗാന്ധിഭവനിലേക്ക് എത്തുമായിരുന്നു. പ്രായം കൂടുന്തോറും പ്രസരിപ്പ് ഏറിവന്ന ആ മഹത് വ്യക്തിത്വം, ഗാന്ധിഭവന്റെ വേദികളിൽ അമ്മമാരുടെയും കുട്ടികളുടെയും നന്മയ്ക്കായി എപ്പോഴും സംസാരിച്ചു. പത്രവായനയും ലോകകാര്യങ്ങളും നന്നായി ശ്രദ്ധിച്ചിരുന്ന അമ്മച്ചി, ഗാന്ധിഭവനിലെ കുഞ്ഞുങ്ങൾക്ക് എല്ലാ വർഷവും പുസ്തകങ്ങൾ നൽകാനും മടി കാണിച്ചില്ല.

താൻ ജീവിച്ച കാലമത്രയും മറ്റുള്ളവർക്കായി നന്മകൾ ചെയ്ത് ദൈവത്തിന്റെ ബാങ്കിൽ സ്നേഹത്തിന്റെ വലിയൊരു നിക്ഷേപം തന്നെ അമ്മ കാത്തുവെച്ചിരുന്നു. ആ പുണ്യപ്രവൃത്തികൾക്ക് പ്രതിഫലമായി ദൈവം തനിക്കായി ഒരുക്കിയ മനോഹരമായ സ്വർഗ്ഗീയ മന്ദിരത്തിലേക്ക് അമ്മ പോയിരിക്കുന്നു.

93-ാം വയസ്സ് പൂർത്തിയാക്കിയിട്ടാണീ യാത്ര. നിരന്തരമായ അദ്ധ്വാനം അതെല്ലാം അഗതികൾക്കും പാവങ്ങൾക്കും ജീവിതമാകാൻ. എല്ലാ പത്രങ്ങളും എന്നും വായിക്കും. യുവതലമുറയോട് പ്രത്യേകം വാത്സല്യം, എന്നാൽ കിട്ടുന്ന വേദികളിൽ അവരോട് പറയും. "നിങ്ങൾ നല്ലപോലെ പഠിക്കണം, ഒപ്പം നല്ല സ്വഭാവമുള്ളവരാകണം. മാതാപിതാക്കളെ അനുസരിക്കണം. വീട്ടുജോലികൾ ചെയ്യണം. എല്ലാം അറിയണം. എങ്കിലേ ജീവിതമാകൂ"

അതുപോലെ അമ്മമാർക്ക് ശകാരവും, നിങ്ങൾക്ക് കുട്ടികളെ വളർത്താനറിയില്ല. അവരെ നല്ലപോലെ സ്നേഹിക്കണം. എന്നാൽ കർശന നിയന്ത്രണവും വേണം. വീട്ടിലെ ജോലികൾ ചെയ്യിക്കണം. നല്ല വായന ഉണ്ടാകണം. ഓടിച്ചാടി കളിക്കണം. കൃഷിപ്പണികൾ ചെയ്യിക്കണം. ആഹാരം തയ്യാറാക്കാൻ പഠിപ്പിക്കണം. കാരുണ്യവും സംസ്കാരവും പഠിപ്പിക്കണം. ഇതെല്ലാം അമ്മമാരാണ് ചെയ്യിക്കേണ്ടത്. അവർ ഈ കാര്യങ്ങൾ ശ്രദ്ധിക്കാതെ വരുമ്പോഴാണ് കുഞ്ഞുങ്ങൾ വഴിതെറ്റുന്നത്.







ഇതായിരുന്നു ചിന്നമ്മ അമ്മച്ചി. അമ്മമാർക്കും മക്കൾക്കും ചിന്നമ്മ അമ്മച്ചിയുടെ ജീവിതം കണ്ടുപഠിക്കാവുന്നതാണ്. ഇത് മനുഷ്യത്വത്തിന്റെ പാഠങ്ങളാണ്.

പുനലൂർ സോമരാജൻ

# കാരുണ്യത്തിന്റെ മൂവർ സംഘം


ഡോ. സത്യശീലൻ


ജയകുമാർ


കൃഷ്ണകുമാർ

ഗാന്ധിഭവനിൽ വന്ന് ഫ്രീയായി ചികിത്സിച്ച് മരുന്നു നൽകി തിരിച്ചുപോകുന്നതിലുള്ള ലാഭം എന്തെന്നു ചോദിച്ചപ്പോൾ ഡോക്ടർ സത്യശീലൻ പറഞ്ഞു. "മെന്റൽ സാറ്റിസ് ഫാക്ഷൻ'

ഡോക്ടർ സത്യശീലനും സുഹൃത്തുക്കളായ കൃഷ്ണകുമാറും ജയകുമാറും കഴിഞ്ഞ 16 വർഷമായി ഗാന്ധിഭവനിൽ സേവനമനുഷ്ഠിക്കുന്നു. 182-ാമത്തെ സന്ദർശനമാണ് കഴിഞ്ഞദിവസം നടന്നത്.

ഗാന്ധിഭവനിൽ വന്ന് ഫ്രീയായി ചികിത്സിച്ച് മരുന്നു നൽകി തിരിച്ചുപോകുന്നതിലുള്ള ലാഭം എന്തെന്നു ചോദിച്ചപ്പോൾ ഡോക്ടർ സത്യശീലൻ പറഞ്ഞു. "മെന്റൽസാറ്റിസ് ഫാക്ഷൻ' അതു ശരിയാണോ എന്ന അർത്ഥത്തിൽ ജയകുമാറിനെയും കൃഷ്ണകുമാറിനെയും നോക്കി. ഡോക്ടർ പറഞ്ഞതാണു ശരിയെന്ന രീതിയിൽ ഇരുവരും തലകുലുക്കി.

2005 ൽ ആരോഗ്യവകുപ്പിൽ നിന്ന് ചീഫ് മെഡിക്കൽ ഓഫീസറായി റിട്ടയർ ചെയ്തപ്പോഴാണ് ഗാന്ധിഭവനെ കുറിച്ചു കൂടുതൽ അറിഞ്ഞത്. ഒരു ചാനലിന്റെ പ്രോഗ്രാം ഗാന്ധിഭവനിൽ വച്ചായിരുന്നു. അതു കാണാനിടയായ ഡോക്ടർ സത്യശീലനും സുഹൃത്ത് ജയകുമാറും ഗാന്ധിഭവനിൽ പോയി കാര്യങ്ങൾ മനസ്സിലാക്കാനും തങ്ങളാൽ കഴിയുന്ന സേവനം നൽകാനും ആലോചിച്ചു. അതനുസരിച്ച് ഡോക്ടർ സത്യശീലനും ജയകുമാറും ഗാന്ധിഭവനിലെത്തി. അവിടത്തെ അന്തരീക്ഷം കണ്ടു മനസ്സിലാക്കി. അന്ന് ഇന്നത്തെപ്പോലെ സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. രോഗികളെ പരിശോധിച്ചിരുന്നത് ഗാന്ധിഭവൻ അടുക്കളയിൽ ആയിരുന്നു. അന്നു തുടങ്ങിയ വൈദ്യപരിശോധനയും മരുന്നുകൊടുപ്പും 16 വർഷമായി മുടക്കമില്ലാതെ തുടരുന്നു. ഡോക്ടറും സുഹൃത്തുക്കളും കോവിഡ് കാലത്ത് ഒരു മാസം ഗാന്ധിഭവനിലേക്കു വന്നില്ല. ആ ഒരുമാസം ഒഴിച്ചാൽ പിന്നീടൊരിക്കലും വൈദ്യ പരിശോധന മുടക്കിയിട്ടില്ല.

### എങ്ങനെയാണ് ജയകുമാറിനേയും കൃഷ്ണകുമാറിനേയും കണ്ടുമുട്ടിയത്?

2005 ൽ ഞാൻ റിട്ടയർ ചെയ്തു. 5 വർഷത്തിനുശേഷം പോങ്ങുംമൂട്ടിൽ ഔഷധിയുടെ ശാഖ ആരംഭിച്ചു. അവിടെ കൺസൾട്ടേഷനുപോയി. അങ്ങനെയാണ് പരിചയം. ജയകുമാറിന്റെ കോ-ബ്രദറാണ് കൃഷ്ണകുമാർ.

കൃഷ്ണകുമാർ ഗാന്ധിഭവനിലുള്ളവർക്ക് മരുന്നു സൗജന്യമായി നൽകാമെന്നു പറഞ്ഞു. അതായിരുന്നു തുടക്കം. ഞങ്ങൾ മൂന്നുപേരും ഒരുമിച്ചാണു കാര്യങ്ങൾ തീരുമാനിച്ചിരുന്നത്. മൂന്നുപേർക്കും സൗകര്യമുള്ള ദിവസം തെരഞ്ഞെടുത്തിട്ടാണ് ഗാന്ധിഭവനിലേക്കു വരാറുള്ളത്.

"എത്ര നാൾ ഇതൊക്കെ തുടരും? എന്നു ചോദിച്ചപ്പോൾ മൂന്നുപേരും ഒരേ ശ്വാസത്തിൽ പറഞ്ഞു. 'ഞങ്ങൾ വീഴുന്നതുവരെ.'

### ഗാന്ധിഭവനെ കുറിച്ച് എന്താണ് അഭിപ്രായം?

ഗാന്ധിഭവൻ മറ്റൊരു മുഖമാണ്. സ്നേഹം നിറഞ്ഞുനിൽക്കുന്ന ആശ്വാസതീരം. ഈ സ്ഥാപനത്തിൽ ഞങ്ങളുടെ സേവനത്തിന്റെ ഒരു പങ്കു ഉണ്ടായിരിക്കണം എന്ന തീരുമാനമാണ് കഴിഞ്ഞ 16 വർഷമായി തുടരുന്ന ഗാന്ധിഭവൻ യാത്ര.

ജയകുമാർ സർക്കാർ സ്ഥാപനമായ ഔഷധിയുടെ ഡീലറാണ്. അതിനോടനുബന്ധിച്ചുള്ള കൺസൾട്ടേഷനുവേണ്ടിയാണ് ഡോക്ടർ സത്യശീലൻ ചെന്നത്. ജയകുമാർ എം.ബി.എ. മാർക്കറ്റിംഗ് കഴിഞ്ഞശേഷമാണ് ബിസിനസ് രംഗത്തേക്ക് വന്നത്. അതിനിടയിൽ ജീവൻ ടിവി ഡയറക്ടർ ബോർഡ് അംഗമായി 14 വർഷമായി ആസ്ഥാനത്തു തുടരുന്നു. എത്ര തിരക്കുണ്ടെങ്കിലും മാസത്തിൽ ഒരു ദിവസം ഗാന്ധിഭവനു വേണ്ടി മാറ്റിവെക്കാൻ ഞങ്ങൾ മൂന്നപേരും തീരുമാനിച്ചു.

ഓരോ പ്രാവശ്യം ചെല്ലുമ്പോഴും ഗാന്ധിഭവൻ എല്ലാ രീതിയിലും പുരോഗമിച്ചുകൊണ്ടിരുന്ന സ്നേഹക്കാഴ്ചയായി ഞങ്ങളെ കൂടുതൽ സന്തോഷിപ്പിച്ചു.

കൃഷ്ണകുമാർ ജയകുമാറിന്റെ കോ-ബ്രദറാണ്. ഗാന്ധിഭവനിൽ ചെന്ന ശേഷമുണ്ടായ അനുഭവങ്ങൾ ഡോ. സത്യശീലനും ജയകുമാറും കൃഷ്ണകുമാറുമായി പങ്കിട്ടപ്പോൾ താനും സഹകരിക്കാമെന്നു വാക്കുകൊടുത്തു. അങ്ങനെയാണ് ഗാന്ധിഭവനിൽ ചികിത്സക്കു വിധേയരാകുന്നവരുടെ മരുന്നിന്റെ വില സ്വന്തം പോക്കറ്റിൽ നിന്നെടുത്ത് ജയകുമാറിനു നൽകുന്നത്.

കൃഷ്ണകുമാർ കമ്പ്യൂട്ടർ സെന്ററിൽ നിന്നാണ് ജീവിതം തുടങ്ങിയത്. ഒരു കാലഘട്ടത്തിൽ തിരക്കുള്ള കമ്പ്യൂട്ടർ സെന്ററായിരുന്നു. കേരള യൂണിവേഴ്സിറ്റിയുടെ മുഴുവൻ ജോലികളും ജയകുമാർ ആണ് ചെയ്തിരുന്നത്.

നിറഞ്ഞ മനസ്സുമായിട്ടാണ് ഈ മൂവർസംഘം ഗാന്ധിഭവനിലേക്കു വരുന്നതും തിരികെ പോകുന്നതും.




# ഉമ്മൻചാണ്ടിയുടെ ആത്മകഥയും മമ്മൂട്ടിയും



സണ്ണിക്കുട്ടി ഏബ്രഹാം എഴുതിയ 'കാലം സാക്ഷി' ഉമ്മൻചാണ്ടിയുടെ ആത്മകഥയ്ക്ക് ഒരാമുഖം എഴുതാൻ അവസരം ലഭിച്ചത് മമ്മൂട്ടിക്കാണ്. ആ ദൗത്യം സന്തോഷത്തോടെയാണ് മമ്മൂട്ടി സമ്മതിച്ചത്.

മമ്മൂട്ടി എഴുതി: ഉമ്മൻചാണ്ടിയെക്കുറിച്ചുള്ള എന്റെ ഓർമ്മകളുടെ തുടക്കം കോളേജ് കാലത്താണ്. മഹാരാജാസിലേക്ക് ഞാനെത്തുമ്പോൾ അധികം അകലെയല്ലാതെയുള്ള തേവര കോളേജില വിഖ്യാതമായ ബസ് സമരവും മുരളി എന്ന വിദ്യാർത്ഥിയുടെ മരണവുമൊക്കെ ചേർന്നുള്ള കഥകൾ കാമ്പസിൽ നിന്ന് ഒഴിഞ്ഞുപോയിട്ടുണ്ടായിരുന്നില്ല. ഉമ്മൻചാണ്ടി അപ്പോഴേക്കും കെ.എസ്.യു. നേതാവിൽ നിന്ന് യൂത്ത് കോൺഗ്രസ് തലപ്പത്തേക്ക് വളർന്നു. ഞാൻ മഹാരാജാസിൽ ചേർന്ന വർഷമാണ് ഉമ്മൻചാണ്ടി ആദ്യമായി പുതുപ്പള്ളിയിൽ നിന്ന് എം.എൽ.എ. ആയത്.

കൊച്ചിയിലെ മാസ് ഹോട്ടലാണ് അന്ന് കോൺഗ്രസിലെ യുവ നേതാക്കന്മാരുടെ താവളം. എ.കെ. ആന്റണിയും ഉമ്മൻചാണ്ടിയും വയലാർ രവിയുമൊക്കെ അവിടെയാണ് തമ്പടിച്ചിരുന്നത്.

ആദ്യകാലം തൊട്ടേ എ.കെ. ആന്റണിയെന്ന സഹോദരസ്ഥാനീയന് പിന്നിലൊതുങ്ങിയായിരുന്നു ഉമ്മൻചാണ്ടിയുടെ പ്രവർത്തനങ്ങൾ. ആ നിഴൽ പദവിയിൽ തൃപ്തനായി നിന്നുകൊണ്ട് പാർട്ടിക്കുള്ളിലെയും പുറത്തെയും മഹായുദ്ധങ്ങളെ അദ്ദേഹം നിയന്ത്രിച്ചു. 2004 ൽ എ.കെ. ആന്റണി മുഖ്യമന്ത്രി പദം രാജിവെക്കുന്നതുവരെ അങ്ങനെത്തന്നെയായിരുന്നു രീതി. ആന്റണിയുടെ പിൻഗാമിയായി ഉമ്മൻചാണ്ടി ആദ്യമായി മുഖ്യമന്ത്രിക്കസേരയിലേക്കും മുൻനിരയിലേക്കും കടന്നുവന്നു.

രാഷ്ട്രീയത്തെ എന്നും കൗതുകത്തോടെ നിരീക്ഷിക്കുന്നയാളെന്ന നിലയിൽ മുഖ്യമന്ത്രിയായപ്പോൾ തൊട്ട് ഉമ്മൻചാണ്ടിയെ ഞാൻ കൂടുതൽ ശ്രദ്ധിച്ചു തുടങ്ങി. അദ്ദേഹത്തിനുണ്ടായ ജനപ്രിയതയുടെ ആരംഭവും ആ നാളുകളിലായിരുന്നു. അക്ഷരാർത്ഥത്തിൽ ഊണും ഉറക്കവും ഉപേക്ഷിച്ച് ജനങ്ങൾക്കിടയിലേക്ക് ഇറങ്ങി നടന്ന ഉമ്മൻചാണ്ടി കേരളം അന്നേവരെ കണ്ടിട്ടില്ലാത്ത അധികാരമാതൃകയ്ക്കാണ് തുടക്കമിട്ടത്. അദ്ദേഹത്തിനു ചുറ്റും ആൾക്കൂട്ടങ്ങൾ അനുദിനം പെരുകിവരുന്ന കാഴ്ച ഞാനും അത്ഭുതത്തോടെ കണ്ടുനിന്നു.

ഉമ്മൻചാണ്ടിക്ക് ആരും ഡോക്ടറേറ്റ് നൽകിയിട്ടില്ല. നൽകുകയായിരുന്നുവെങ്കിൽ അത് മനുഷ്യസ്നേഹത്തിലാകണമായിരുന്നു. കാരണം, ചുറ്റുമുള്ള ഓരോ മനുഷ്യനേയും എങ്ങനെ സഹായിക്കാം എന്ന വിഷയത്തിൽ ഏറ്റവും കൂടുതൽ ഗവേഷണം നടത്തിയ ആളാണ് അദ്ദേഹം. അതിനുവേണ്ടിയാണ് ജീവിതം സമർപ്പിച്ചതും. അധികാരം എന്ന വാക്കിലുള്ള ഗർവ്വിനേയും പിടിച്ചടക്കൽ സ്വഭാവത്തെയും ഇല്ലാതാക്കി അതിനെ മനുഷ്യരുടെ വേദനകൾ പരിഹരിക്കുന്നതിനുള്ള ഉപകരണമാക്കിയെടുത്തതിന്റെ പ്രതിഫലനമാണ് ഉമ്മൻചാണ്ടിക്കു ചുറ്റുമുണ്ടായ മനുഷ്യരുടെ മഹാസമ്മേളനങ്ങൾ.

ഉമ്മൻചാണ്ടിയുടെ 'കാലം സാക്ഷി' എന്ന ആത്മകഥ വായിച്ചുകഴിയുമ്പോൾ നിങ്ങൾ ഒരു മനുഷ്യനേയും ഒരു കാലത്തേയും ഒരുമിച്ചു മനസ്സിലാക്കും. |



# ഗൗതമിയുടെ സ്വപ്നങ്ങൾ




ഗൌതമി വരച്ച ചിത്രം ഗാന്ധിഭവൻ സെക്രട്ടറിക്ക് കൈമാറുന്നു

ഗൗതമി. അദ്ധ്യാപകനായ കൃഷ്ണകുമാറിന്റേയും ശ്രീകലയുടേയും മകൾ. പേശീസംബന്ധമായ അപൂർവ്വരോഗം സ്പൈനൽ മാസ്ക്കുലർ അട്രോഫി (എസ്.എം.എ) ബാധിതയാണ്.

തുടക്കം മുതൽ സാധാരണ കുട്ടികൾക്കൊപ്പമാണ് പഠനം. പിന്നീട് കേരള യൂണിവേഴ്സിറ്റിയിൽ നിന്നും ബികോം ബിരുദം നേടി. ഇപ്പോൾ യു.പി.എസ്.സി. കോച്ചിംഗിനു പൊയ്ക്കൊണ്ടിരിക്കുന്നു.

എല്ലാ മാതാപിതാക്കൾക്കും മക്കളെ ജീവനാണ്. എന്നാൽ ഗൗതമിക്ക് അമ്മയും അച്ഛനും ജീവൻ മാത്രമല്ല, ജീവിതവും നൽകി. പരിമിത സാഹചര്യങ്ങളിലും മെച്ചപ്പെട്ട വിദ്യാഭ്യാസവും പരിചരണവും നൽകി. അതിനുവേണ്ടി നല്ല ചുറ്റുപാടുകൾ ഒരുക്കി.

ഗൗതമിയുടെ ആഗ്രഹങ്ങൾക്കും ഇഷ്ടങ്ങൾക്കും അച്ഛനും അമ്മയും ഒരിക്കൽപോലും എതിരു നിന്നിട്ടില്ല. അവർ ഗൗതമിയെ നോക്കിയതുപോലെ, സ്നേഹിച്ചപോലെ തിരിച്ചുകൊടുക്കാൻ ഗൗതമിക്കാഗ്രഹമുണ്ട്. എല്ലാ സന്തോഷവും അച്ഛനും അമ്മയ്ക്കും തിരിച്ചുകൊടുക്കണമെന്നാണ് ഇന്നും നാളെയുമുള്ള ആഗ്രഹം.

ഗൗതമിയുടെ ഏറ്റവും വലിയ സ്വപ്നങ്ങളിൽ ഒന്നാണ് സർക്കാർ ജോലി. ജോലിയിൽ പ്രവേശിച്ചശേഷം ജീവിതസാഹചര്യങ്ങൾകൊണ്ട് പഠനം മുടങ്ങിപ്പോയ കുറച്ച് കുട്ടികൾക്ക് ഉന്നതവിദ്യാഭ്യാസം കൊടുക്കണമെന്നും ആഗ്രഹിക്കുന്നു. മാത്രമല്ല, എല്ലാ മാസവും വരുമാനത്തിന്റെ ഒരു നിശ്ചിത പങ്ക് ഗാന്ധിഭവനും നൽകണം. തന്റെ ചക്രകസേരയോട് സന്ധിചേരുന്ന എല്ലായിടവും എത്തിപ്പെടാൻ ഒരുപാടു നാളുകളായി ഗൗതമി ആഗ്രഹിക്കുന്നു. കുഞ്ഞനുജത്തി കൃഷ്ണഗാഥയുടെ ആഗ്രഹങ്ങൾക്കൊത്ത് പഠിപ്പിക്കണം. അങ്ങനെ ഗൗതമിയുടെ ആഗ്രഹങ്ങളുടെ പട്ടിക നീളുകയാണ്.

ഇത്തരത്തിൽ സ്വപ്നം കാണുമ്പോഴും എന്തുനേടി എന്ന് സ്വയം ചോദിക്കാറുണ്ട്.

എന്താണ് നേടിയത്?

ഒരുപാടു നല്ല മനുഷ്യരെ നേടി. ഇപ്പോഴും ഓർക്കുമ്പോഴും കണ്ണും മനസ്സും ഒരുപോലെ നിറയുന്ന നല്ല നിമിഷങ്ങൾ നേടി. എന്തിനും ഏതിനും കൂടെ നിൽക്കുന്ന കൂട്ടുകാരെ നേടി. ചക്രക്കസേരയിൽ ഇരുന്നു പഠിപ്പിക്കുന്ന എന്റെ കുറവുകളെ ഒരിക്കലും കാണാതെ ചുറ്റുമിരുന്ന് കഥപറയുന്ന ടീച്ചർമാർ, പാട്ടുപാടുന്ന, ചിരിക്കുന്ന ചിരിപ്പിക്കുന്ന കുഞ്ഞുങ്ങളെ നേടി. പണ്ടൊക്കെ ഉത്സവത്തിനും ഓണത്തിനും അമ്മ വീട്ടിൽ പോകുമ്പോൾ അപ്പൂപ്പനും അമ്മൂമ്മയും കുഞ്ഞു കൈകളിൽ നോട്ടുകൾ പൊതിഞ്ഞു തരുമ്പോൾ വാങ്ങിയിരുന്ന അതേ കൈകൾ കൊണ്ട് ഇന്ന്, തിരികെ പോകുമ്പോൾ എന്റെ കുഞ്ഞു സമ്പാദ്യത്തിന്റെ ഒരു പങ്ക് അവരുടെ കൈകളിൽ കൊടുക്കുമ്പോൾ സമ്മിശ്രവികാരത്തോടെയുള്ള ചിരി നേടി. ഘട്ടങ്ങളായി ഓരോ പരീക്ഷണകേന്ദ്രങ്ങളിൽ നിന്നും ആർജ്ജിച്ചെടുത്ത കരുത്തു കൊണ്ട് എവിടെയും പതറാത്ത എന്നെ ഞാൻ നേടി.





ഗാന്ധിഭവനെക്കുറിച്ച്

2018 ഡിസംബർ 3-ാം തീയതി ഹരിപ്പാട് ബി.ആർ.സി.യിൽ വെച്ച് നടന്ന അന്താരാഷ്ട്ര ഭിന്നശേഷി ദിനാഘോഷത്തിൽ പങ്കെടുക്കാൻ അമ്മയോടൊപ്പം പോയി. അതുവരെ പത്രദൃശ്യമാധ്യമങ്ങളിൽ കൂടി കണ്ടറിഞ്ഞ പത്തനാപുരം ഗാന്ധിഭവന്റെ അമരക്കാരനായ സോമരാജൻ സർ ആയിരുന്നു ആ പരിപാടിയുടെ മുഖ്യാതിഥി. അന്നത്തെ ലക്ഷ്യം തന്നെ അദ്ദേഹത്തെ ഒന്നു നേരിൽ കാണണം, സംസാരിക്കണം എന്നുള്ളതായിരുന്നു. അദ്ദേഹം വന്നയുടനെ വേദിയിൽ ചെന്നിരുന്നതിനാൽ സംസാരിക്കാൻ കഴിഞ്ഞില്ല. ഉദ്ഘാടനം കഴിഞ്ഞശേഷം അദ്ദേഹം പെട്ടെന്ന് തിരിച്ചുപോകുമെന്ന് അറിഞ്ഞപ്പോൾ സംസാരിക്കണമെന്ന ആഗ്രഹം ഇരട്ടിയായി വർദ്ധിച്ചു. ആശംസാപ്രസംഗത്തിനു എന്റെ പേരുകൂടി ചേർത്തിരുന്നതു ഏറെ സന്തോഷത്തിനു വക നൽകി. സോമരാജൻ സാർ ഇരിക്കുമ്പോൾ തന്നെ തനിക്ക് സംസാരിക്കാമല്ലോ. 5 മിനിറ്റ് സമയമെടുത്തു സംസാരിച്ചു. പ്രസംഗം അവസാനിപ്പിച്ചപ്പോൾ സോമരാജൻ സർ എഴുന്നേറ്റുവന്ന് എന്നെ കോരിയെടുത്തു. എന്റെ കണ്ണും മനസ്സും നിറഞ്ഞു.

പിന്നീടുള്ള എന്റെ ജീവിതത്തിലെ എല്ലാ നല്ലതും മോശവുമായ സാഹചര്യങ്ങളിലും സർ എന്റെയും കുടുബത്തിന്റേയും ഒപ്പമുണ്ടായിരുന്നു.

വിഷുവിനും ഓണത്തിനും ക്രിസ്തുമസിനും ഒരു മിനിട്ട് ശബ്ദസന്ദേശം എത്തുമ്പോൾ സോമരാജൻ സാറിനു ദൈവത്തിന്റെ സ്ഥാനം നൽകിയാണ് ഞാൻ കുടിയിരുത്തിയിരിക്കുന്നത്.

മറ്റൊരിക്കൽ അദ്ദേഹം സർ വിളി വേണ്ടെന്നും 'അച്ഛാച്ചാ' എന്നു വിളിച്ചാൽ മതിയെന്നും പറഞ്ഞപ്പോൾ അതെനിക്ക് ജീവിതത്തിൽ കിട്ടിയ വലിയ അംഗീകാരമായി സൂക്ഷിച്ചു. അതെ, അദ്ദേഹം എന്റെ സ്വന്തം അച്ഛാച്ചനാണ്.



ഗൗതമിയും പുനലൂർ സോമരാജനും.

---



# പുതുമഴ



എ.ജെ. പ്രകാശം ഏത്രർ

തെളിവാർന്ന മാനം ക്ഷണം കറുത്തു
ചെമ്മാനശോഭ കവർന്നെടുത്തു
കരിമുകിൽ കോലം വരച്ചുവിണ്ണിൽ
മഴമേഘം ചുരുളായുയർന്നുവാനിൽ
ഇടമിന്നലുഗ്രപ്രതാപിയായി
വെള്ളിവരകളാമാനത്തുമിന്നിമാഞ്ഞു
പവനനും വന്നു കുളിർ പകർന്നു
മഴപെയ്തു മണ്ണിൽ മണം പരന്നു
ഇടവപ്പാതി തിമിർത്തുപെയ്തു
ഇടവഴികൾ ചെറുപുഴകളായി മാറി
വിത്തുകൾ ദാഹദലം നുകർന്നു
പുത്തൻ മുളകൾ പിറവികൊണ്ടു
പച്ചപ്പുകണ്ണുകൾക്കാനന്ദമായ്
പച്ചത്തുരുത്തായി നാട്ടിൻപുറം
മണ്ഡൂകം പാടിവയൽവരമ്പിൽ
ഞാറ്റുപാട്ടിൻ ശീലുപാടമെങ്ങും
പൊൻനിറമാർന്ന കതിരു കൊയ്യാൻ
ആവണിമാസമിങ്ങെത്തിടേണം
ചിങ്ങത്തിൽ കേൾക്കാം കൊയ്ത്തുപാട്ടും
തുമ്പിക്കളത്തിലെ ഓണപ്പാട്ടും
ചെമ്മാനം വീണ്ടും തെളിയുവിണ്ണിൽ
ഓണനിലാവിൽ പാൽപുഞ്ചിരിയും.

9961502288

# ഗാന്ധിഭവൻ ബന്ധു ബ്രിട്ടീഷ് പാർലമെന്റംഗം
# ഗുരുവായൂരപ്പനു മുന്നിൽ മലയാളി യുവതിയെ താലി ചാർത്തി



മാർട്ടിൻ ഡേയും നിധിൻ ചന്ദയും

ഗാന്ധിഭവൻ ബന്ധുവും സ്കോട്ട്ലൻഡ് പാർലമെന്റ് അംഗവുമായ മാർട്ടിൻ ഡേയും പിറവം പാമ്പാക്കുടി സ്വദേശിനി നിധിൻ ചന്ദയും ഗുരുവായൂരമ്പലത്തിൽ വെച്ചു വിവാഹിതരായി. വിവാഹത്തിന് നിതിന്റെ ആദ്യ വിവാഹത്തിലുള്ള മകൻ വേദക് ശങ്കറും സാക്ഷിയായി.

പുഷ്പാഞ്ജലി ഓഡിറ്റോറിയത്തിലായിരുന്നു വിവാഹശേഷമുള്ള മറ്റു ചടങ്ങുകൾ നടന്നത്.

പിറവം സ്വദേശി കുന്നത്തോട് കെ.എൻ. ചന്ദ്രന്റേയും രാജമ്മയുടേയും ഏകമകളായ നിധിൻ ബി.ടെക് കഴിഞ്ഞ് 2008 ലാണ് യു.കെ.യിൽ എത്തിയത്. മാർട്ടിൻ നേരത്തെ യു.കെ. പാർലമെന്റ് അംഗമായിരുന്നു.

പത്തുവർഷം മുമ്പ് യു.കെ.യിൽ വെച്ച് മാർട്ടിനും നിതിൻ ചന്ദയും വിവാഹിതരായിരുന്നു. വിവാഹമോചിതയും 12 വയസ്സുള്ള മകനും ഉണ്ടായിരുന്നെങ്കിലും തന്റെ പ്രണയത്തിൽ നിന്നും മാർട്ടിൻ പിന്മാറിയില്ല. മാർട്ടിന്റെ മാതാപിതാക്കളായ മാർഗരറ്റും റോണും പിന്തുണച്ചു.

യു.കെ.യിൽ വെച്ച് പരിചയപ്പെട്ട ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജനും മാർട്ടിനും പിന്നീട് അടുത്ത സുഹൃത്തുക്കളായി.

2018 ആഗസ്ത് 28 ന് മാർട്ടിൻ ഡേയും നിധിനും മാതാപിതാക്കളും ഗാന്ധിഭവനിൽ എത്തി ഒരു ദിവസം ചെലവഴിച്ചിരുന്നു. പിന്നീട് ഗാന്ധിഭവൻ സ്ഥാപകൻ പുനലൂർ സോമരാജനും പത്നിയും ലണ്ടനിൽ പോകുകയും മാർട്ടിൻ ഡേക്കു ഒപ്പം സഭ ചേരുമ്പോൾ ബ്രിട്ടീഷ് പാർലമെന്റിൽ പോകാനും അവസരം ലഭിച്ചിരുന്നു.

നിതിൻ സ്കോട്ടിഷ് നാഷണൽ പാർട്ടിയിൽ ഭർത്താവിനൊപ്പം സജീവമാണ്.

മാർട്ടിൻ ഡേയും നിധിൻ ചന്ദയും
ഗാന്ധിഭവനിലെ കുഞ്ഞുങ്ങളോടൊപ്പം.



# ഡോ. എ.വി. അനൂപ്
# ബഹുമുഖ പ്രതിഭ

വലിയ വ്യവസായി എന്ന നിലയിൽ അറിയപ്പെടുന്ന ഡോ. എ.വി. അനൂപ് വർഷങ്ങളായി ചെന്നൈയിൽ കുടുംബസമേതം താമസിക്കുന്നു. 'മെഡിമിക്സ്' സോപ്പിന്റെ പേരിലാണ് തൃശ്ശൂർ ജില്ലയിലെ ചോലയിൽ കുടുംബം അറിയപ്പെട്ടത്.

ചെറുപ്പം മുതൽ അഭിനയത്തോടു താല്പര്യം. നാടകങ്ങളിലാണ് കൂടുതൽ ശ്രദ്ധിച്ചത്. വിദ്യാഭ്യാസത്തിനുശേഷം ബിസിനസ് രംഗത്തേക്കു കടന്നു.

വ്യത്യസ്തങ്ങളായ നിരവധി പ്രസ്ഥാനങ്ങളെ നയിച്ചുകൊണ്ടിരിക്കുന്നു. തിരക്കുകൾക്കിടയിലും സാമൂഹ്യ-സാംസ്കാരികരംഗങ്ങളിൽ സജീവം.

25 ൽ അധികം സിനിമകൾ നിർമ്മിച്ചു എങ്കിലും നാടകമാണ് എ.വി. അനൂപിന്റെ ജീവിതത്തിന്റെ ഒരു ഭാഗം. എന്നാൽ സിനിമ നിർമ്മിക്കാൻ കാരണം ശ്രീനാരായണ പ്രസ്ഥാനവുമായുള്ള ബന്ധമാണ്. ഒരേ ഒരു സിനിമ നിർമ്മിക്കണമെന്ന ആഗ്രഹമേ ഉണ്ടായിരുന്നുള്ളൂ. 'യുഗപുരുഷൻ' എന്ന മൾട്ടിസ്റ്റാർ സിനിമ. എന്നാൽ വിചാരിച്ച രീതിയിൽ ആ സിനിമ വിജയിച്ചില്ല. തുടർന്ന് സിനിമയിൽ പരീക്ഷണം നടത്താൻ തീരുമാനിച്ചു. നല്ല നല്ല സിനിമകളായിരുന്നു മനസ്സിൽ. അങ്ങനെയാണ് ചലച്ചിത്രനിർമ്മാണം തുടർച്ചയായത്.

രണ്ടു പ്രാവശ്യം സംസ്ഥാന അവാർഡും ഒരു പ്രാവശ്യം ദേശീയ അവാർഡും ലഭിച്ചു. ഇംഗ്ലീഷ് സിനിമകളിലും നടൻ എന്ന നിലയിൽ സജീവമായിരുന്നു. 40 വർഷമായി നാടകാഭിനയം തുടരുന്നു.

തിരക്കുള്ള വ്യവസായി എന്ന നിലയിൽ വലിയ ഉത്തരവാദിത്വങ്ങൾക്കിടയിലാണ് സിനിമ പോലുള്ള വലിയ വലിയ പ്രോജക്ടുകൾക്കു പിന്നാലെ പോയത്. എന്നിട്ടും എ.വി.എ. ഗ്രൂപ്പിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറും എന്ന നിലയിൽ എ.വി.എ. ചോലയിൽ ഹെൽത്ത് കെയർ പ്രൈവറ്റ് ലിമിറ്റഡ്, മെഡിമിക്സ് സോപ്പ്, മേളം, സഞ്ജീവനം........ എല്ലാം ഒരു കോട്ടവും തട്ടാതെ കൊണ്ടുനടക്കുന്നു.

വൻ മുടക്കുമുതലിൽ നിർമ്മിച്ച 'വിലായത്ത് ബുദ്ധ' ഏറെ പ്രതീക്ഷ നൽകിയെങ്കിലും ബോക്സ് ഓഫീസിൽ കനത്ത തിരിച്ചടിയാണ് ലഭിച്ചത്. അതൊന്നും നഷ്ടങ്ങളായി കണക്കാക്കി വിഷമിക്കുകയായിരുന്നില്ല. ആശയപ്രചരണ സിനിമകൾക്കു കുറച്ചു സംഭാവന നൽകി എന്ന രീതിയിലാണ് മുന്നോട്ടുപോയത്. അതിനിടയിൽ ഗിന്നസ് ലോക റെക്കോർഡിന്റെ ഉടമയായി. ഏഷ്യാ ബുക് ഓഫ് അവാർഡ്, ലിംഗാ ബുക്ക് ഓഫ് റെക്കാർഡ് തുടങ്ങി നിരവധി ബഹുമതികൾ സ്വന്തമാക്കി.

നടി സീനത്ത് കഥ എഴുതി സംവിധാനം ചെയ്ത 'അനന്തതയിലേക്ക്' എന്ന സിനിമയിൽ നായകനായി അഭിനയിച്ചു. അതാണ് ഏറ്റവും പുതിയ സിനിമ. അഡ്വക്കേറ്റായിട്ടാണ് എ.വി. അനൂപ് അഭിനയിച്ചത്. അച്ഛനൊരു വാഴ നട്ടു എന്ന സിനിമയിൽ നായകനായി വ്യത്യസ്ത ഭാവങ്ങൾ അദ്ദേഹം പ്രകടമാക്കി. ഏതു വേഷവും അഭിനയിക്കാനുള്ള പ്രതിഭാശേഷി തെളിയിച്ചു.

വേൾഡ് മലയാളി കൗൺസിൽ അടക്കം നിരവധി സാമൂഹ്യ കാരുണ്യപ്രസ്ഥാനങ്ങൾക്ക് നേതൃത്വമേകുന്നു.





# നാലുപേരെ സഹായിക്കുന്ന തൊഴിലല്ലെ നല്ലത്?

സ്വാതന്ത്ര്യസമരസേനാനിയും സോഷ്യലിസ്റ്റും തിരുകൊച്ചി, കേരള നിയമസഭകളിൽ അംഗവുമായിരുന്ന കെ.എ. ശിവരാമ ഭാരതിയുടെ മകനാണ് അഡ്വ. എസ്. കൊച്ചുകൃഷ്ണൻ.

അടിയന്തിരാവസ്ഥകാലത്ത് കെ.എ. ശിവരാമഭാരതി അറസ്റ്റു ചെയ്യപ്പെട്ട് പൂജപ്പുര സെൻട്രൽ ജയിലിൽ കിടക്കുന്ന സമയം, കൊച്ചുകൃഷ്ണൻ ജയിലിൽ ചെന്ന് അച്ഛനെ കണ്ടു. ആ സമയത്ത് അയാൾക്ക് ഒരു ജോലി കിട്ടിയിരുന്നു. അക്കാര്യം പറയുന്നതിനും അനുഗ്രഹം വാങ്ങുന്നതിനും വേണ്ടിയാണ് ജയിലിലേക്കുപോയത്. വിവരം പറഞ്ഞപ്പോൾ അച്ഛൻ സന്തോഷിക്കുമെന്നു വിചാരിച്ചു. എന്നാൽ മുഖത്ത് പ്രത്യേകിച്ച് വികാരങ്ങളൊന്നും ഉണ്ടായിരുന്നില്ല. നാലുപേരെ സഹായിക്കുന്ന തൊഴിലല്ലെ നല്ലതെന്ന് ചോദിച്ചു. അതുപ്രകാരം ജോലിക്കു പോകാതെ നിയമം പഠിച്ചു വക്കീലായി. ചിറ്റൂരും പാലക്കാടും പ്രവർത്തിച്ചു. രാഷ്ട്രീയ പ്രവർത്തനവും തൊഴിലാളി സംഘടനാപ്രവർത്തനവും കൂടെ കൊണ്ടുനടന്നു. ഹിന്ദ് മസ്ദൂർ സഭയുടെ (എച്ച്.എം.എസ്.) അഖിലേന്ത്യ കമ്മറ്റി വരെയെത്തി.

സാമൂഹ്യനീതിക്കും പാവപ്പെട്ടവരുടെ ഉന്നമനത്തിനും വേണ്ടി പ്രവർത്തിച്ച അച്ഛന്റെ മരണശേഷം അച്ഛന്റെ അതേ പാതയിൽ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനായി പ്രവർത്തിക്കുന്നു.

ഇന്നത്തെ വ്യവസ്ഥയിൽ ആർത്തിപൂണ്ട മനുഷ്യരെയാണ് കാണാൻ കഴിയുന്നത്. ജാതിമത ചിന്തകളിൽ സംഘടിച്ച് പരസ്പരം മല്ലടിക്കുകയാണ്. അഹിംസാവാദിയായ ഗാന്ധിയുടെ ആശയം പേരിനു മാത്രം.

ഈ സാഹചര്യത്തിലാണ് പ്രമുഖ ഗാന്ധിയനും സാമൂഹികപ്രവർത്തകനുമായ രാജാജിയുടെ നിർദ്ദേശപ്രകാരം പത്തനാപുരം ഗാന്ധിഭവനിൽ എത്തിയത്.

ഞാനൊരിക്കലും ദർശിച്ചിട്ടില്ലാത്ത ഗാന്ധിഭവന്റെ പ്രവർത്തനം എന്നെ അത്ഭുതപ്പെടുത്തി. എന്റെ സ്വന്തം നാട്ടിൽ ഇതുപോലെ ഒരു സ്ഥാപനം നടത്താൻ ഗാന്ധിഭവന്റെ എല്ലാമെല്ലാമായ സോമരാജൻ സാറിനോടു അഭ്യർത്ഥിച്ചു, അദ്ദേഹം അതംഗീകരിച്ചു. അതൊരു അനുഗ്രഹമായി തോന്നി.

അങ്ങനെയാണ് പാലക്കാട് കൊഴിഞ്ഞാമ്പാറ നീലങ്കാച്ചിയിൽ ഞാൻ നല്ല കായ്ഫലമുള്ള ഒരേക്കർ തെങ്ങിൻ പുരയിടം ഗാന്ധിഭവന് എഴുതി നൽകിയത്. ഒമാൻ യൂണിവേഴ്സിറ്റി ചാൻസലർ ആയ ഡോ. ഗൾഫാർ മുഹമ്മദലി, അഗതികളായി മാറുന്നവരെ പാർപ്പിക്കാൻ ദാനമായി ഒരു മന്ദിരം പണിത് നൽകുന്നു.

സോമരാജൻ സാറിനെ കണ്ട ആദ്യ ദിവസം തന്നെ ഞാൻ അദ്ദേഹത്തോടു പറഞ്ഞ വാക്കുകൾ ഓർമ്മിക്കുകയാണ്.

"കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കുപോലും ഇതുപോലൊരു സ്ഥാപനം നടത്തിക്കൊണ്ടു പോകാൻ കഴിയില്ല. താങ്കളുടെ ഉദ്യമത്തിൽ ഞങ്ങൾ ആവുന്നത് ചെയ്യാം." അത്രമാത്രം എന്നെ അത്ഭുതപ്പെടുത്തിയ സ്ഥാപനമാണ് ഗാന്ധിഭവൻ. ഒരു കുടുംബം ഒന്നടങ്കം ഈ സ്ഥാപനത്തിന്റെ നടത്തിപ്പിൽ പങ്കാളിയായി പ്രവർത്തിക്കുന്നത് തികച്ചും ആശ്ചര്യകരമാണ്.



വർത്തമാനം

# ഓണകിറ്റിന്റെ തുടക്കം

കഷ്ടപ്പാടുകൾ അറിഞ്ഞു വളർന്ന ഒരുവനാണ് ഞാൻ. ഓണത്തിനുപോലും പട്ടിണി കിടക്കുന്നവരും എച്ചിലുകൾ തേടിപ്പോകുന്നവരും ഉണ്ടെന്നു മനസ്സിലാക്കിയപ്പോൾ എന്റെ നെഞ്ചുപിടഞ്ഞിരുന്നു. ഇത് പരിഹരിക്കണം. അതിനു അധികാരം വേണം. അങ്ങനെ ഞാൻ മന്ത്രിയായി. ഭക്ഷ്യവകുപ്പു കിട്ടി.

ആ വകുപ്പ് ഉപയോഗിച്ച് ഞാൻ ആദ്യം ചെയ്തത് സ്കൂളിൽ വിദ്യാർത്ഥികളുടെ ഉച്ച പട്ടിണി മാറ്റാനുള്ള പരിഹാരമായിരുന്നു. അന്നത്തെ കണക്കുപ്രകാരം 38 ലക്ഷം കുട്ടികളാണ് ഉണ്ടായിരുന്നത്. അവർക്ക് എല്ലാവർക്കും വിഭവസമൃദ്ധമായ ചോറു കൊടുക്കാൻ തീരുമാനിച്ചു.



മുൻ ഭക്ഷ്യ വകുപ്പ് മന്ത്രി സി. ദിവാകരൻ



അതിനുശേഷമാണ് ഓണത്തിനുപോലും പട്ടിണി കിടക്കുന്നവരെ കുറിച്ച് അറിഞ്ഞത്. അതിനും പ്രതിവിധി കണ്ടെത്തി.

പാവപ്പെട്ട എല്ലാ കുടുംബത്തിനും സൗജന്യ ഓണക്കിറ്റ് നൽകാൻ തീരുമാനിച്ചു. ആ കിറ്റിൽ ഓണത്തിനുവേണ്ട എല്ലാ സാധനങ്ങളും ഉണ്ടായിരുന്നു.

ചെറിയ കാര്യം വലിയ കാര്യം

## എം.എൽ.എ. കീറ കടലാസിലെഴുതിയ കത്ത്

# മുത്തുകൃഷ്ണന് ജീവിതമായി



മുൻമന്ത്രിയും ഇപ്പോഴത്തെ എം.എൽ.എ.യുമായ ജി. സുധാകരൻ യാത്രക്കിടയിൽ ഒരു ചെറിയ ഹോട്ടലിൽ ഊണ് കഴിക്കാൻ കയറി. കടയിലെ ജീവനക്കാരോട് അദ്ദേഹം ക്ഷേമന്വേഷണം ചോദിച്ചു: സുഖമാണോ?

ചോദ്യം കേട്ട് ഒരാളുടെ കണ്ണ് നിറഞ്ഞു. "സാറെ, അങ്ങേര് ആൻജിയോഗ്രാം കഴിഞ്ഞശേഷം പഴയ ആളല്ല. രാത്രി ഉറക്കമില്ല. ആരോടും മിണ്ടുന്നുമില്ല. ചിലപ്പോൾ ദേഷ്യപ്പെടും. ചികിത്സക്കുപോലും നിവൃത്തിയില്ല. ഇനി എന്തുചെയ്യണമെന്നറിയില്ല സാറെ."

"തന്റെ ജീവിതപങ്കാളി മുത്തുകൃഷ്ണൻ നാട്ടിൽ എല്ലാവർക്കും പരിചിതനാണ്. ഇന്ന് മാനസിക അസ്വാസ്ഥ്യത്തിന്റെ പിടിയിലാണ്. നോക്കാൻ ആളില്ല. ചികിത്സിക്കാൻ പണമില്ല."

ജി. സുധാകരൻ എല്ലാം കേട്ടിരുന്നു. ചായക്കടയിലെ കണക്കുപുസ്തകത്തിൽ നിന്നും ഒരു പേജ് കീറിയെടുത്തു. അതിൽ പത്തനാപുരം ഗാന്ധിഭവൻ സെക്രട്ടറിക്കു എഴുതി.

"ബഹു. ഡയറക്ടർ,

ഈ കത്തുമായി വരുന്ന മുത്തുകൃഷ്ണനെ ഗാന്ധിഭവനിൽ ചേർക്കണം. ആൻജിയോഗ്രാം കഴിഞ്ഞ ആളാണ്. കുടുംബത്തിനു നോക്കാൻ കഴിയാത്ത അവസ്ഥയാണ്. ഇദ്ദേഹത്തിന്റെ സംരക്ഷണം ഗാന്ധിഭവൻ ഏറ്റെടുക്കണം.

എന്ന്,

ജി. സുധാകരൻ

ഒരു എം.എൽ.എ.യുടെ ലെറ്റർ പാഡിൽ എഴുതി ഔദ്യോഗിക സീൽ വെച്ച കത്തല്ല. കണക്കുപുസ്തകത്തിലെ കീറിയ പേജിൽ എഴുതിയ വരികൾ.

അന്നുതന്നെ ഭാര്യ മുത്തുകൃഷ്ണനെ ഗാന്ധിഭവനിലെത്തിച്ചു. ഇന്ന് അദ്ദേഹം ഗാന്ധിഭവനിൽ സുരക്ഷിതനാണ്. എല്ലാ അർത്ഥത്തിലും.

ജി. സുധാകരൻ-ശക്തനാണ്, പോരാളിയാണ് അതിലുപരി അൻപും അനുകമ്പയുമുണ്ട്. മുത്തുകൃഷ്ണൻ



ജി. സുധാകരനും ഭാര്യയും



ഇപ്പോൾ ഗാന്ധിഭവനിൽ ആരോഗ്യവാനായി സസന്തോഷം കഴിയുന്നു.

# നക്ഷത്രങ്ങളേ കാവൽ സിനിമയ്ക്കു വഴങ്ങാത്ത പത്മരാജന്റെ നോവൽ

പല്ലിശ്ശേരി

**'ഭരതാ, എന്റെ ഈ നോവൽ സിനിമയ്ക്കു വഴങ്ങുകയില്ലെന്നു തോന്നുന്നു. അല്ലെങ്കിൽ പ്രശസ്തരായ പല സംവിധായകരും നിർമ്മാതാക്കളും അതിനു ശ്രമിച്ചിട്ടും പിന്മാറുമായിരുന്നോ. ചില നോവലുകൾ അങ്ങനെയാണ്. അതുകൊണ്ട് മറ്റു പ്രോജക്ടുകളുമായി നമുക്കു മുന്നോട്ടു പോകാം." അങ്ങനെയാണ് ഭരതൻ ഈ പ്രോജക്ടിൽ നിന്നും പിന്മാറിയത്.**

'കുങ്കുമം' വാരിക നടത്തിയ നോവൽ രചനാമത്സരത്തിൽ ഏറ്റവും അധികം വായനക്കാർ ഇഷ്ടപ്പെട്ട നോവൽ പി . പത്മരാജന്റെ 'നക്ഷത്രങ്ങളേ കാവൽ ' ആയിരുന്നു. ഈ നോവലിനാണ് മികച്ച നോവൽ പുരസ്കാരം എന്ന വാർത്ത രഹസ്യമായ പരസ്യമായിരുന്നു. എന്നാൽ മികച്ച നോവലായി തെരഞ്ഞെടുക്കപ്പെട്ടത് പി.വത്സലയുടെ 'നെല്ല്' ആയിരുന്നു. തൊട്ടടുത്ത സ്ഥാനം പത്മരാജന്റെ നോവലിനും. ഈ രണ്ടു നോവലും കുങ്കുമത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

മികച്ച നിലവാരം പുലർത്തിയ രണ്ടു നോവലുകൾ പ്രശസ്ത സംവിധായകനായ രാമു കാര്യാട്ട് സിനിമയാക്കാൻ തീരുമാനിച്ചു.

ആദ്യം ' നെല്ല് ' അതു കഴിഞ്ഞ് 'നക്ഷത്രങ്ങളേ കാവൽ' സംവിധാനം ചെയ്യാനാണ് രാമു കാ ര്യാട്ട് തീരുമാനിച്ചിരുന്നത്. എന്നാൽ വിചാരിച്ച രീതിയിൽ 'നെല്ല്' വിജയിക്കാത്തതുകൊണ്ട് പത്മരാജന്റെ നോവലിന്റെ സിനിമാ ചിത്രീകരണം നടന്നില്ല.

രാമുകാര്യാട്ട് തന്റെ നോവൽ സംവിധാനം ചെയ്യുന്ന കാര്യം പത്മരാജൻ അടുത്ത സുഹൃത്തുക്കളോടു പറഞ്ഞിരുന്നു. എന്നാൽ, നെല്ല് നൽകിയ തിരിച്ചടി മൂലം തന്റെ സിനിമ ഇല്ലാതായപ്പോൾ ഏറെ വിഷമിച്ചു. രാമു കാര്യാട്ടിനും ഇക്കാര്യത്തിൽ വിഷമമുണ്ടായിരുന്നു.

കുറെ നാൾ കഴിഞ്ഞ് പത്മരാജന്റെ നോവൽ സംവിധാനം ചെയ്യാൻ മറ്റൊരു പ്രശസ്ത സംവിധായകനും ഛായാഗ്രാഹകനുമായ എ. വിൻസന്റ് മാസ്റ്റർ തീരുമാനിച്ചു. അന്ന് ആലപ്പുഴ ഉദയ സ്റ്റുഡിയോവിൽ 'ഗന്ധർവ ക്ഷേത്രം' സിനിമയുടെ ചിത്രീകരണം നടക്കുകയായിരുന്നു. ഭരതൻ ആയിരുന്നു കലാസംവിധായകൻ. സിനിമയെ കുറിച്ചു വിശദമായി സംസാരിക്കാൻ എ. വിൻസന്റ് പത്മരാജനെ ഉദയാ സ്റ്റുഡിയോവിലേക്കു ക്ഷണിച്ചു. ഗന്ധർവ ക്ഷേത്രത്തിനു ശേഷം എ. വിൻസന്റ് സംവിധാനം ചെയ്യുന്നത്



'നക്ഷത്രങ്ങളേ കാവൽ 'ആണെന്നു പ്രഖ്യാപിച്ചു. അവിടെ വെച്ച് തിരക്കഥയിൽ വരുത്തേണ്ടുന്ന മാററങ്ങളെ കുറിച്ച് പത്മരാജനുമായി സംസാരിച്ചു. ഷൂട്ടിംഗിനിടയിൽ ഭരതനും പത്മരാജനും പരിചയപ്പെടുകയും അടുത്ത സുഹൃത്തുക്കളാകുകയും ചെയ്തു.

എ. വിൻസന്റും പത്മരാജനും സിനിമയെ കുറിച്ച് കൂടുതൽ ചർച്ച നടന്നെങ്കിലും വ്യക്തമായ കാരണം പറയാതെ ആ പ്രോജക്ടിൽ നിന്നും എ.വിൻസന്റ് പിന്മാറി.

പത്മരാജനെ വ്യക്തിപരമായി തളർത്തിയ അനുഭവം. മൂന്ന് പ്രശസ്ത സംവിധായകരാണ് അവസാന നിമിഷം തന്റെ സിനിമ കൈവിട്ടത്.

ഇതറിഞ്ഞ ഭരതന് ആ സിനിമയോടു താല്പര്യമുണ്ടായിരുന്നു. അതുവരെ കലാ സംവിധായകനായി തുടർന്നിരുന്ന ഭരതൻ പത്മരാജന്റെ നോവൽ തന്റെ ആദ്യസിനിമയായി കാണാൻ ആഗ്രഹിച്ചു.തന്റെ താല്പര്യം ഭരതൻ പത്മരാജനെ അറിയിച്ചു.

ഭരതന്റെ കഴിവിൽ പൂർണ വിശ്വാസമുണ്ടായിരുന്ന പത്മരാജൻ സമ്മതിച്ചു. ഇരുവരും ചേർന്ന്ഒരു നല്ല സിനിമ ഉണ്ടാക്കും എന്ന് കുറച്ചു പേർ വിശ്വസിച്ചു.

ഇരുവരും അമിതമായ ആത്മവിശ്വാസത്തോടെ മുന്നോട്ടു പോയി.

എന്നാൽ ഭരതന്റെ അടുത്ത ചില സുഹൃത്തുക്കൾ ഇങ്ങിനെയൊരു സിനിമയല്ല ഭരതന്റെ ആദ്യസിനിമയായി വരേണ്ടത് എന്നു പറഞ്ഞു.

ഭരതനെ സ്നേഹിക്കുന്നവരായിരുന്നു ഇങ്ങിനെ ഒരഭിപ്രായം പറഞ്ഞത്. അതിൽ ശരിയുണ്ടെന്നു ഭരതനും തോന്നി. എന്തായാലും പത്മരാജന്റെ ആ കഥ സിനിമയാക്കും. അതിനു മുമ്പ് ചിലവു ചുരുക്കി ഒരു സിനിമ. പുതിയ സംവിധായകന്റെ ആദ്യ സിനിമ ഗംഭീരമായിരിക്കുന്നു എന്നു പറയാവുന്ന രീതിയിൽ ഒരു സിനിമ.

ഭരതന്റെ മനസ്സിൽ ഒരു കഥയുണ്ടായിരുന്നു. ആ കഥ പത്മരാജനെ കൊണ്ട് തിരക്കഥ എഴുതിക്കാമെന്നും തീരുമാനിച്ചു. അതേ സമയം ' നക്ഷത്രങ്ങളേ കാവൽ' അല്ല ആദ്യം ചെയ്യുന്നതെന്ന് പത്മരാജനെ അറിയിച്ചിട്ടുമില്ല. എങ്ങിനെ പറയും ? ഒടുവിൽ ഇരുവരും മദ്യപിച്ചിരിക്കെ ഭരതൻ സത്യാവസ്ഥ പറഞ്ഞു. പത്മരാജൻ ഞെട്ടുകയോ വേദനിക്കുകയോ ചെയ്തില്ല. 'ഞാനിക്കാര്യം ഭരതനോടു പറയാനിരിക്കായിരുന്നു. നമുക്ക് വേറൊരു കഥ ചെയ്യാം'

'എങ്കിൽ ഞാനൊരു ത്രഡ് പറയാം. ഇഷ്ടപ്പെട്ടോന്ന് നോക്ക് '

ഭരതൻ തന്റെ മനസ്സിൽ ഉള്ള കഥ



**രാമുകാര്യാട്ട് തന്റെ നോവൽ സംവിധാനം ചെയ്യുന്ന കാര്യം പത്മരാജൻ അടുത്ത സുഹൃത്തുക്കളോടു പറഞ്ഞിരുന്നു. എന്നാൽ, നെല്ല് നൽകിയ തിരിച്ചടി മൂലം തന്റെ സിനിമ ഇല്ലാതായപ്പോൾ ഏറെ വിഷമിച്ചു. രാമു കാര്യാട്ടിനും ഇക്കാര്യത്തിൽ വിഷമമുണ്ടായിരുന്നു.**



**ചിലർ ഹരി പോത്തനേയും കെ. എസ്. സേതുമാധവനേയും വിളിച്ച് സിനിമ ഉപേക്ഷിക്കുന്നതാണ് നല്ലത്, സിനിമക്കു പറ്റിയ കഥയല്ല എന്നുപറഞ്ഞു. എന്നിട്ടും ഒരു നല്ല സിനിമക്കു വേണ്ടി കെ. എസ്. സേതുമാധവനും ഹരിപോത്തനും സജീവമായി.**

പറഞ്ഞു .സാമ്പത്തികമായി ക്ഷയിച്ചു പോയ ഒരു ഇല്ലത്തിലെ അതിസുന്ദരിയായ യുവതിയെ മധ്യവയസ്ക്കനും വിവാഹിതനുമായ ഒരു നമ്പൂതിരി വിവാഹം ചെയ്തതും ഒരുമിച്ചു ജീവിച്ചതും തുടർന്നുണ്ടാവുന്ന സംഭവങ്ങളും പറഞ്ഞു കഴിഞ്ഞപ്പോൾ പത്മരാജൻ സന്തോഷത്തോടെ കൈയടിച്ചു. ആ സിനിമയാണ് 'പ്രയാണം'

ഭരതന്റെ കഥയ്ക്കു അതിമനോഹരമായ തിരക്കഥയും സംഭാഷണവും ഒരുക്കി പത്മരാജൻ പത്തരമാററ് തെളിയിച്ചു.

കൊട്ടാരക്കര ശ്രീധരൻ നായർ നമ്പൂതിരിയുടെ റോളിലും ലക്ഷ്മി സുന്ദരിയായ യുവതിയുടെ റോളിലും അഭിനയിച്ചു. പ്രയാണം മനോഹരമായ സിനിമ എന്ന പേരിൽ അറിയപ്പെട്ടു. ഈ സിനിമയിലൂടെ ഭരതനും പത്മരാജനും ബാലുമഹേന്ദ്രയും നല്ല സുഹൃത്തുക്കളായി. മികച്ച ബാലനടൻ, മികച്ച ഛായാഗ്രാഹകൻ, മികച്ച കലാ സംവിധായകൻ (ഭരതൻ) മികച്ച ഗായകൻ യേശുദാസ് എന്നിങ്ങിനെ 4 സംസ്ഥാന അവാർഡുകൾ ഈ സിനിമയ്ക്കു ലഭിച്ചു.

പ്രയാണത്തിനു ശേഷം 'നക്ഷത്രങ്ങളേ കാവൽ' സിനിമയാക്കുന്ന കാര്യം പറഞ്ഞപ്പോൾ പത്മരാജൻ വലിയ താല്പര്യം കാണിച്ചില്ല. ഭരതനെ നിരുത്സാഹപ്പെടുത്തുകയും ചെയ്തു.

'ഭരതാ, എന്റെ ഈ നോവൽ സിനിമയ്ക്കു വഴങ്ങുകയില്ലെന്നു തോന്നുന്നു. അല്ലെങ്കിൽ പ്രശസ്തരായ പല സംവിധായകരും നിർമ്മാതാക്കളും അതിനു ശ്രമിച്ചിട്ടും പിന്മാറുമായിരുന്നോ. ചില നോവലുകൾ അങ്ങനെയാണ്. അതുകൊണ്ട് മറ്റു പ്രോജക്ടുകളുമായി നമുക്കു മുന്നോട്ടു പോകാം."

അങ്ങനെയാണ് ഭരതൻ ഈ പ്രോജക്ടിൽ നിന്നും പിന്മാറിയത്.

അതിനു ശേഷം പലരും ഈ നോവൽ സിനിമയാക്കാൻ വന്നു. എല്ലാവരും മാന്യമായ തുകയാണ് അഡ്വാൻസ് കൊടുത്തിരുന്നത്. ഒരവസരത്തിൽ പത്മരാജൻ പറഞ്ഞു: 'ഞാനൊരു വീടുവെച്ചു കൊണ്ടിരിക്കുന്നു 'നക്ഷത്രങ്ങളേ കാവൽ 'ലിനു കിട്ടിയ അഡ്വാൻസ് കൊണ്ടാണ് വീടു പണിയുന്നത്. സിനിമ നടന്നില്ലെങ്കിലും വീടു പൂർത്തിയാകും.'

പത്മരാജനും ഭരതനും പ്രോജക്ടുകളുമായി തിരക്കിലേക്കു നീങ്ങി. അതിനിടയിൽ ഇരുപതോളം പേർ ഉപേക്ഷിച്ച 'നക്ഷത്രങ്ങളേ കാവൽ' തനിക്കു ആവശ്യമുണ്ടെന്നു പറഞ്ഞ് പ്രശസ്ത സംവിധായകനായ കെ. എസ്. സേതു

മാധവൻ പത്മരാജനെ സമീപിച്ചു. നിർമ്മാണം ഹരി പോത്തൻ, വിതരണം എവർഷൈൻ .

പത്മരാജന്റെ നോവൽ വീണ്ടും സംസാര വിഷയമായി.

ഈ നോവലിലെ പ്രധാന കഥാപാത്രങ്ങളാണ് കല്യാണിക്കുട്ടിയും പ്രഭുവും.

സോമൻ, ജയഭാരതി എന്നിവരെ ഈ റോളുകളിലേക്കു തീരുമാനിച്ചു.

ഷൂട്ടിംഗ് ഡേറ്റ് അടുത്തടുത്തുവന്നു. അതിനിടയിൽ ചിലർ ഹരി പോത്തനേയും കെ. എസ്. സേതുമാധവനേയും വിളിച്ച് പത്മരാജൻ സിനിമ ഉപേക്ഷിക്കുന്നതാണ് നല്ലത്, സിനിമക്കു പറ്റിയ കഥയല്ല അത് , വായനയിൽ സൂപ്പർ ഹിറ്റാകും കാഴ്ചയിൽ ....'

എന്നിട്ടും ഒരു നല്ല സിനിമക്കു വേണ്ടി കെ. എസ്. സേതുമാധവനും ഹരിപോത്തനും സജീവമായി. 20 പേർ ഉപേക്ഷിച്ച നോവൽ വീണ്ടും സിനിമയാകുന്നു. ഇങ്ങിനെയായിരുന്നു മൗത്ത് പബ്ളിസിറ്റി.

'നക്ഷത്രങ്ങള കാവൽ' ചിത്രീകരണ




സമയത്ത് ഏറെ പ്രതീക്ഷകൾ നൽകി. എം.ജി. സോമനും ജയഭാരതിയും കഥാപാത്രങ്ങളോട് നീതി പുലർത്തി. മിനിമം ഗ്യാരണ്ടിയുള്ള സംവിധായകനാണ് കെ.എസ്. സേതുമാധവൻ. ആ നിലയിൽ 'നക്ഷത്രങ്ങളേ കാവൽ'ഹിററായി മാറും. ആ രീതിയിൽ ആയിരുന്നു കെ.എസ്. സേതുമാധവനും ഹരി പോത്തനും വിചാരിച്ചത്.

ഏറെ പ്രതീക്ഷയോടെ തീയറ്റിൽ എത്തിയ സിനിമക്കു നല്ല അഭിപ്രായം ലഭിച്ചെങ്കിലും, വേണ്ടത്ര വിജയം കണ്ടില്ല.

ചില നോവലുകൾ അങ്ങിനെയാണ് ഏതു വമ്പന്റെ മുന്നിലും വഴങ്ങാത്ത നോവലുകളായി നിലനിൽക്കും. മറ്റൊരുദാഹരണം:

ഒ.വി വിജയന്റെ ചരിത്രം സൃഷ്ടിച്ച നോവൽ 'ഖസാക്കിന്റെ ഇതിഹാസം' എത്രയോ പേർ സിനിമയാക്കാൻ മോഹിച്ചതാണ് .ഇപ്പോഴും പലരും കൊതിയോടെ അതിനു ശ്രമിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ, സിനിമയ്ക്കു വഴങ്ങാത്ത നോവലായി 'ഖസാക്കിന്റെ ഇതിഹാസ'വും മാറി കഴിഞ്ഞു.

പ്രവാസിക്കുറിപ്പ്

# പണം കൊണ്ട് വാങ്ങാനാവാത്ത സമ്പത്ത്

**നസീർ വെളിയിൽ**

നാം ഒരു മനുഷ്യന്റെ സമ്പത്ത് അളക്കുന്നത് പലപ്പോഴും അയാൾ എന്തെല്ലാം സ്വന്തമാക്കി എന്നതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ യഥാർത്ഥ സമ്പത്ത് ഒരുപക്ഷേ എന്താണ് അയാൾ മനസ്സിൽ സൂക്ഷിക്കുന്നത് എന്നതിലായിരിക്കും.

മനസ്സമാധാനം, നന്ദിയുള്ള ഹൃദയം, ചെറിയ കാര്യങ്ങളിൽ പോലും സന്തോഷം കണ്ടെത്താനുള്ള കഴിവ്, ഉള്ളത് മറ്റൊരാളുമായി പങ്കിടാനുള്ള മനസ്സ്. പണം കൊണ്ട് ഒരിക്കലും ഉറപ്പാക്കാനാവാത്ത അമൂല്യ സമ്പത്തുകൾ ഇവയൊക്കെയാണ്.

മറ്റുള്ളവരേക്കാൾ കൂടുതൽ സ്വന്തമാക്കാനുള്ള ഒരു മത്സരമല്ല ജീവിതം. ഇല്ലാത്തതിന്റെ പിന്നാലെ ഓടുമ്പോൾ, ഉള്ളതിന്റെ മഹത്വം തിരിച്ചറിയാൻ പലപ്പോഴും നമ്മൾ മറന്നുപോകുന്നു.

സ്നേഹിക്കാൻ കുറച്ച് മനുഷ്യർ, പങ്കിടാൻ ഒരു മനസ്സ്, രാത്രിയിൽ സമാധാനത്തോടെ ഉറങ്ങാൻ അനുവദിക്കുന്ന ഒരു മനഃസാക്ഷി, കിട്ടിയതിൽ നന്ദി പറയാനുള്ള ഹൃദയം. ഇവയുള്ള മനുഷ്യൻ ഒരിക്കലും ദരിദ്രനല്ല.

പണം സൗകര്യങ്ങൾ നൽകാം. എന്നാൽ മനസ്സമാധാനം ഉറപ്പാക്കണമെന്നില്ല. വിജയം അംഗീകാരങ്ങൾ നൽകാം. എന്നാൽ സന്തോഷം ഉറപ്പാക്കണമെന്നില്ല. വസ്തുവകകൾ കൊണ്ട് നമ്മുടെ വീടുകൾ നിറയ്ക്കാം, എന്നാൽ ഓർക്കുക, സ്നേഹവും കരുണയും നന്ദിയും മാത്രമാണ് നമ്മുടെ ജീവിതത്തെ നിറയ്ക്കുന്നത്.

ഒരുപക്ഷേ, എല്ലാം സ്വന്തമായുള്ളവനല്ല ഏറ്റവും സമ്പന്നൻ...

ജീവിതത്തിന്റെ കുറവുകൾക്കിടയിലും പുഞ്ചിരിച്ചുകൊണ്ട്,

"എനിക്ക് നന്ദി പറയാൻ ഒരുപാടുണ്ട്..."

"പങ്കിടാൻ എനിക്കുള്ളതിൽ കുറച്ചെങ്കിലും ഉണ്ട്..."

"സന്തോഷത്തോടെ ജീവിക്കാൻ വേണ്ടതെല്ലാം എന്റെയുള്ളിലുണ്ട്..."

എന്ന് പറയാൻ കഴിയുന്നവനാണ് യഥാർത്ഥ സമ്പന്നൻ.

നമ്മൾ എത്ര സമ്പാദിച്ചു എന്നതല്ല ജീവിതത്തിന്റെ കണക്ക്. നമ്മൾ എത്ര ഹൃദയങ്ങളെ സ്പർശിച്ചു എന്നതാണ് ഒടുവിൽ അവശേഷിക്കുന്ന സമ്പത്ത്.





# കുടുംബം ഇങ്ങനെ

**സ്നേഹരാജ്യംബ്യൂറോ**

സ്നേഹത്തിന്റെയും സുരക്ഷിതത്വത്തിന്റെയും കേന്ദ്രം: ഒരു വ്യക്തിക്ക് ആദ്യമായി സ്നേഹം, കരുതൽ, പരസ്പര വിശ്വാസം എന്നിവ ലഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്. സമൂഹത്തിന്റെ അടിസ്ഥാന ഘടകം: വ്യക്തികളെ നല്ല പൗരന്മാരായി വളർത്തിയെടുക്കുന്നതിലും, സംസ്കാരവും മൂല്യങ്ങളും കൈമാറുന്നതിലും കുടുംബം വലിയ പങ്ക് വഹിക്കുന്നു. പരസ്പര പിന്തുണ ജീവിതത്തിലെ സന്തോഷങ്ങളിലും സങ്കടങ്ങളിലും തളരാതെ കൂടെ നിൽക്കുന്നവരാണ് കുടുംബാംഗങ്ങൾ.

ലളിതമായി പറഞ്ഞാൽ, ഒരു വ്യക്തിയുടെ സ്വഭാവ രൂപീകരണത്തിലും വളർച്ചയിലും സ്വാധീനം ചെലുത്തുന്ന ലോകത്തിലെ സുരക്ഷിതമായ ഇടമാണ് കുടുംബം.

**ധർമ്മരാജൻ - അനിത ദമ്പതികൾ:** അരനൂറ്റാണ്ടിന്റെ മാതൃകാ ദാമ്പത്യം. 1969-ൽ വിവാഹിതരായ ശ്രീ. കെ. ധർമ്മരാജനും ശ്രീമതി. അനിതയും 50 വർഷത്തിലേറെയായി (അര നൂറ്റാണ്ടിലേറെ) സ്നേഹവും സന്തോഷവും നിറഞ്ഞ ദാമ്പത്യജീവിതം നയിച്ച് സമൂഹത്തിന് വലിയൊരു മാതൃകയായി നിലകൊള്ളുന്നു. പുനലൂരുകാർക്ക് അദ്ദേഹം എന്നും പ്രിയപ്പെട്ട 'രാജു അണ്ണൻ' ആണ്.

## കുടുംബ പശ്ചാത്തലം

പുനലൂരിലെ പ്രശസ്ത ബിസിനസ് കുടുംബമായ പണിക്കേഴ്സ് ഫാമിലിയിൽ ജനിച്ച് കൊല്ലം എസ്.എൻ. കോളേജിൽ ഡിഗ്രിക്ക് പഠിക്കുമ്പോൾ തന്നെ പിതാവിന്റെ ബിസിനസ് സംരംഭങ്ങളിൽ പങ്കാളിയായ ധർമ്മരാജൻ, പിൽക്കാലത്ത് ബിസിനസ് രംഗത്തും സാമൂഹിക മണ്ഡലങ്ങളിലും ഒരുപോലെ തിളങ്ങി.

## മക്കളും മരുമക്കളും:

ഈ ദമ്പതികൾക്ക് മൂന്ന് മക്കളാണുള്ളത്.

രാജേഷ്: ബിസിനസ്സുകാരനും സീരിയൽ നടനുമായ രാജേഷിന്റെ ഭാര്യ സംഗീതാധ്യാപികയായ കവിതയാണ്.

പ്രീതി: പ്രീതിയുടെ ജീവിതപങ്കാളി ബിസിനസ്സുകാരനായ ജോയി ആണ്.

പൂർണിമ: പൂർണിമയുടെ ജീവിതപങ്കാളി പ്രമുഖ അഭിഭാഷകനായ ഹരികൃഷ്ണൻ ആണ്.

## കൊച്ചുമക്കൾ (6 പേർ):

ഋഷി ജോയി, ദേവി ജോയി, സൂര്യ ഗായത്രി, ഗൗരി നന്ദ എച്ച്., കൃഷ്ണ വേണി എച്ച്., ഗണപതി

## രാഷ്ട്രീയ - സാമൂഹിക സംഭാവനകൾ

കഴിഞ്ഞ 40 വർഷങ്ങളായി രാഷ്ട്രീയ, സഹകരണ, വിദ്യാഭ്യാസ മേഖലകളിൽ സജീവ സാന്നിധ്യമാണ് ശ്രീ. ധർമ്മരാജൻ. അദ്ദേഹം അലങ്കരിച്ച പ്രധാന പദവികൾ താഴെ പറയുന്നവയാണ്:

ജനപ്രതിനിധി: പുനലൂർ നഗരസഭാ അംഗം, നഗരസഭാ വൈസ് ചെയർമാൻ.

രാഷ്ട്രീയ നേതൃത്വം: ദീർഘകാലം എൻ.സി.പി (NPC) എന്നീ രാഷ്ട്രീയ പാർട്ടികളുടെ ജില്ലാ പ്രസിഡന്റ്, പിന്നീട് സംസ്ഥാന ജനറൽ സെക്രട്ടറി.

## ഔദ്യോഗിക പദവികൾ:

സ്റ്റേറ്റ് സിവിൽ സപ്ലൈസ് കമ്മിറ്റി മെമ്പർ, കേന്ദ്ര കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് മെമ്പർ, കേന്ദ്ര എയർപോർട്ട് മാനേജിംഗ് കമ്മിറ്റി മെമ്പർ, സ്റ്റേറ്റ് ഔഷധി ഡയറക്ടർ ബോർഡ് മെമ്പർ,

## മറ്റ് സാമൂഹ്യ സംഘടനകൾ:

മദ്യവർജന കൗൺസിൽ സംസ്ഥാന



രക്ഷാധികാരി, എസ്.എൻ.ഡി.പി. യോഗം യൂത്ത് മൂവ്മെന്റ് താലൂക്ക് യൂണിയൻ പ്രസിഡന്റ്, 'വീക്ഷണം' പത്രത്തിന്റെ റിപ്പോർട്ടർ, ഹോട്ടൽ വ്യവസായി അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ്, കുട്ടികളുടെ സംഘടന 'എയർ കോ'യുടെ രക്ഷാധികാരി എന്നീ പദവികൾ വഹിച്ചിരുന്നു. ഗാന്ധിഭവൻ പേട്രൻസ് പാനൽ അംഗം കൂടിയാണദ്ദേഹം.

ബിസിനസ്സ് രംഗത്തെ വിജയത്തിനൊപ്പം, നഗരസഭയുടെ വികസന പ്രവർത്തനങ്ങളിലും വിവിധ ഔദ്യോഗിക പദവികളിലും തിളങ്ങിനിൽക്കുന്ന ശ്രീ. ധർമ്മരാജൻ പുനലൂരിന്റെ സാമൂഹിക-രാഷ്ട്രീയ ചരിത്രത്തിലെ സജീവ സാന്നിധ്യമാണ്.

സ്നേഹവും കരുതലും വിശ്വാസ്യതയും പരസ്പരബഹുമാനവും കൊണ്ട് ദാമ്പത്തികജീവിതം എങ്ങനെ ആഹ്ലാദകരമാക്കാമെന്ന് സമൂഹത്തെ പഠിപ്പിക്കുന്ന ഇവർ കുടുംബജീവിതത്തിന് ഉത്തമമാതൃകയാണ്.

## ഡോ. മീരാ ആർ. നായരുടെ കവിതാസമാഹാരം കെ.സി. വേണുഗോപാൽ എം.പി. പ്രകാശനം ചെയ്തു






പ്രശസ്ത എഴുത്തുകാരിയും സാമൂഹ്യപ്രവർത്തകയും ജില്ലാ പഞ്ചായത്ത് മെമ്പറുമായ ഡോ. മീരാ ആർ. നായർ പരിസ്ഥിതി വിഷയത്തെ ആസ്പദമാക്കി എഴുതിയ പുതിയ പുസ്തകമായ 'സംസിദ്ധി' കവിതാസമാഹാരം കൊടിക്കുന്നിൽ സുരേഷ് എം.പിയക്ക് കോപ്പി നൽകിക്കൊണ്ട് എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എം.പി. നിർവ്വഹിച്ചു.

ജ്യോതികുമാർ ചാമക്കാല അദ്ധ്യക്ഷനായി. എം.എൽ.എമാരായ അഡ്വ. പഴകുളം മധു, അഡ്വ. സി.വി. ശാന്തകുമാർ, എം.എ. നസീർ, ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ മീര ടീച്ചറുടെ സഹോദരൻ കണ്ണൻ, സഹോദരി, മറ്റ് ബന്ധുക്കൾ എന്നിവർ പുസ്തകപ്രകാശനചടങ്ങിൽ സംബന്ധിച്ചു.

തിരുവനന്തപുരം പ്രിയദർശിനി പബ്ലിക്കേഷൻസ് ആണ് കവിതാപുസ്തകം പ്രസിദ്ധീകരിച്ചത്.

# പൗരോഹിത്യം ഇങ്ങനെയും



പത്തനാപുരം ഗാന്ധിഭവനു മുന്നിൽ ഒരു മീൻ വണ്ടി വന്നു നിന്നു. വണ്ടിയിൽ നിന്നും രണ്ടു ചെറുപ്പക്കാർ ഇറങ്ങി. അവർ ഗാന്ധിഭവനിലേക്കു മീൻ കൊണ്ടുവന്നതാണ്. പലതരം മീൻ കൊണ്ടുവരാറുണ്ടെങ്കിലും ഇന്നവർക്ക് ഏറ്റവും കൂടുതൽ മത്തിയാണ് കടലിൽ നിന്നും കിട്ടിയത്. അതുമായി വില കുറച്ചു വീടുകളിലും ഗാന്ധിഭവൻ പോലുള്ള മറ്റു സ്ഥാപനങ്ങളിലും വിറ്റു കൊണ്ടാണ് അന്തേവാസികളായ 25 പേർക്ക് ഭക്ഷണം കൊടുക്കുന്നത്.

ആരാണ് ഈ ചെറുപ്പക്കാർ? വെറും ചെറുപ്പക്കാരല്ല ഇവർ, ദൈവവിളി കൊണ്ട് അച്ചൻ പട്ടം ലഭിച്ച ഫാദർ ജറിനും ഫാദർ അഖിലുമാണ്.

തൽക്കാലം ളോഹ ഊരി വെച്ച് മീൻകച്ചവടം ചെയ്യുന്നതെന്തിനാണ്? ഇതാണോ സെമിനാരിയിൽ നിന്നും ഇരുവരേയും ഏൽപ്പിച്ചത്?

മീൻ വില്പന ആരും ഇവരെ ഏൽപ്പിച്ചതല്ല, ഇരുവരും സ്വയം ഏറ്റെടുത്തതാണ്.

പത്തനംതിട്ട ജില്ലയിലെ ഇലന്തൂരിൽ 'ഡീപോൾ കെയർ ഹോം' അഭയകേന്ദ്രമുണ്ട്. അവിടെയാണ് ഫാദർ ജറിനും ഫാദർ അഖിലും അവരുടെ മേലധികാരി ഫാദറച്ചനും ഉള്ളത്. അവർക്കൊപ്പം അവിടെ 25 അന്തേവാസികളും സ്ഥിരതാമസക്കാരാണ്. അവരെ സംരക്ഷിക്കുന്നതിനു പ്രത്യേകിച്ചു ഫണ്ടില്ല. ചിലവുകൾ കൂടി കൂടി വരുന്നു. വരുമാനം ഇല്ല. എങ്ങനെ വരുമാനം കണ്ടെത്തും? അങ്ങനെയാണ് ഫാദർ ജറിനും ഫാദർ അഖിലും മീൻ വില്പനയെ കുറിച്ച് ചിന്തിച്ചത്.

ഫാദർ ജെറിനും ഫാദർ അഖിലും മീൻ വിൽപനയിൽ




കടപ്പുറത്തിന്റെ വിവിധ ഭാഗങ്ങളിൽ ചെന്ന് മീൻ വാങ്ങുമെങ്കിലും കൊല്ലം കടൽത്തീരത്തു ചെന്നാണ് കൂടുതൽ മീൻ വാങ്ങുന്നത്.

പത്തനംതിട്ടയിൽ നിന്നും വെളുപ്പിനു 3 മണിയോടെ മീൻ വണ്ടിയുമായി കൊല്ലത്തേക്കു പോകും. പരിചയമുള്ള ഒന്നു രണ്ടു പേർ അവിടെയുണ്ട്. അവർ മുഖേന മീൻ കഴിയുന്നത്ര വില കുറച്ചു ലേലത്തിൽ വിളിക്കും. പിന്നീട് മറ്റുള്ളവരേക്കാൾ വിലകുറച്ച് ഫ്രഷ് മീൻ വില്പന നടത്തും. ഇങ്ങനെ ആഴ്ചയിൽ രണ്ടു ദിവസം മീൻ വിൽക്കും. മിനിമം ഏഴായിരം രൂപവരെ ലാഭം കിട്ടും. ചില ദിവസങ്ങളിൽ പതിനായിരം രൂപ വരെ കിട്ടിയിട്ടുണ്ട്.

ഇങ്ങനെ കിട്ടുന്ന തുകയും മററു വരുമാനങ്ങളും കൊണ്ടാണ് 'ഡി പോൾ കെയർ ഹോം' നടന്നു പോകുന്നത്.

സേവനം മുഖമുദ്രയാക്കിയ ഈ യുവ വൈദികർ തങ്ങളുടെ മീൻകച്ചവടം കുറെ കൂടി വികസിപ്പിക്കാനുള്ള ആലോചനയിലാണ്.

# വർണ്ണങ്ങൾ മാഞ്ഞ ചിത്രകാരന്റെ ജീവിതം



33 വയസ്സ് വരെ ബാച്ചിലർ ലൈഫ് ആയിരുന്നു മാഹിന്. 'എനിക്ക് കല്യാണം വേണ്ട' എന്ന് എല്ലാവരോടും പറയും. പെയിന്റിംഗ് ആയിരുന്നു ജീവിതം. വീടുകളുടെ ചുമരുകളിൽ, ബോർഡുകളിൽ, ക്യാൻവാസിൽ മാഹിന്റെ കൈകൾ വർണ്ണം വിരിയിച്ചു. കൊച്ചി നഗരത്തിലെ പല കടകളുടെയും ബോർഡ് മാഹിൻ വരച്ചതാണ്. പക്ഷേ വീട്ടുകാരുടെ നിർബന്ധത്തിന് വഴങ്ങി 34-ാം വയസ്സിൽ മാഹിൻ കല്യാണം കഴിച്ചു. അമ്മാവന്റെ മകളെ തന്നെ. ജീവിതം ഭംഗിയായി പോകുന്നതിനിടയിലാണ് ആ ദുരന്തം സംഭവിച്ചത്.

ഒരു ദിവസം രാവിലെ എഴുന്നേറ്റപ്പോൾ ശരീരത്തിന്റെ ഒരു വശം അനങ്ങുന്നില്ല. സംസാരിക്കാൻ പറ്റുന്നില്ല. ആശുപത്രിയിൽ എത്തിച്ചപ്പോൾ ഡോക്ടർ പറഞ്ഞു - സ്ട്രോക്ക്. ബ്രെയിനിലെ ഒരു ഭാഗത്തേക്കുള്ള രക്തയോട്ടം നിന്നു. മാസങ്ങൾ ആശുപത്രിയിൽ കിടന്നു. പിന്നെ വീട്ടിൽ കൊണ്ടുവന്നു. അപ്പോഴേക്കും മാഹിൻ പൂർണമായും കിടപ്പിലായി. വലതു കൈയും കാലും തളർന്നു. സംസാരം വിക്കി വിക്കി ആയി. ബ്രഷ് പിടിച്ചിരുന്ന കൈ നിശ്ചലമായി. ഫിസിയോതെറാപ്പി തുടങ്ങി. സുഹൃത്തുക്കളാണ് ആദ്യം സഹായിച്ചത്. അവർ പൈസ പിരിച്ച് തെറാപ്പിക്ക് കൊണ്ടുപോയി. ഭാര്യ ആദ്യമൊക്കെ കൂടെ നിന്നു. മകൻ പഠിക്കുന്നു. പക്ഷേ മാസങ്ങൾ കഴിഞ്ഞിട്ടും മാഹിന് എഴുന്നേൽക്കാൻ പറ്റിയില്ല. മൂത്രം, മലം എല്ലാം കിടന്നിടത്ത് തന്നെ. കുളിപ്പിക്കണം, ഭക്ഷണം വാരിക്കൊടുക്കണം, മരുന്ന് കൊടുക്കണം. ഭാര്യക്ക് മടുത്തു തുടങ്ങി. ഒരു ദിവസം ഭാര്യ മാഹിന്റെ എറണാകുളത്തുള്ള സഹോദരിയെ വിളിച്ചു. ഫോണിലൂടെ പറഞ്ഞു: 'ഇനി ഞങ്ങൾക്ക് നോക്കാൻ പറ്റില്ല. ഞങ്ങൾ പോവാണ്'. ഫോൺ കട്ട് ചെയ്തു. അന്ന് വൈകുന്നേരം ഭാര്യയും മകനും ബാഗും എടുത്ത് വീട് വിട്ട് ഇറങ്ങിപ്പോയി.

വീട്ടിൽ പിന്നെ 80 വയസ്സുള്ള ഉമ്മയും കിടപ്പിലായ മാഹിനും മാത്രം. സുഹൃത്തുക്കൾ അറിഞ്ഞു വന്നു. അവർ തന്നെയാണ് പിന്നെയും ഫിസിയോതെറാപ്പിക്ക് കൊണ്ടുപോയത്. ഉമ്മക്ക് വയ്യ. എടുത്ത് ഇരുത്താൻ പോലും പറ്റില്ല. പതിയെ മാഹിന്റെ ആരോഗ്യം കൂടുതൽ മോശമായി. ഭക്ഷണം ഇറക്കാൻ പറ്റാതായി. ഫിസിയോതെറാപ്പി സെന്ററിലെ സ്റ്റാഫ് ആണ് സഹോദരിയെ വീണ്ടും വിളിച്ചത്. സഹോദരി ഓടി എത്തി. അവസ്ഥ കണ്ട് പൊട്ടിക്കരഞ്ഞു. എറണാകുളത്താണ് താമസം. ജോലിക്ക് പോകണം. ജ്യേഷ്ഠനെയും ഉമ്മയെയും ഒരുമിച്ച് കൊണ്ടുപോയി നോക്കാനുള്ള സാഹചര്യം ഇല്ലതാനും. ഒരാഴ്ച ആലോചിച്ചു. പലരോടും ചോദിച്ചു. ഒടുവിൽ പത്തനാപുരം ഗാന്ധിഭവനെ കുറിച്ച് അറിഞ്ഞു. മാഹിനെ ഗാന്ധിഭവനിൽ എത്തിച്ചു. ഇന്ന് മാഹിന് ഗാന്ധിഭവനിൽ കൃത്യമായ പരിചരണമുണ്ട്, ഭക്ഷണമുണ്ട്. ഫിസിയോതെറാപ്പി ദിവസവും നടക്കുന്നുണ്ട്. ചെറിയ മാറ്റങ്ങൾ വരുന്നുണ്ട്. വിരലുകൾ അനങ്ങി തുടങ്ങി. സഹോദരി വരും.ഗാന്ധിഭവനിലേക്ക് ഉമ്മയെയും കൂട്ടി. ഒരുകാലത്ത് ആയിരക്കണക്കിന് ചുമരുകളിൽ നിറം നൽകിയ കൈകൾ. ഇന്ന് ആ കൈകൾക്ക് സ്വന്തം വായിലേക്ക് ഒരു തുള്ളി വെള്ളം എത്തിക്കാൻ പോലും കഴിയുന്നില്ല. ജീവിതം ചിലപ്പോൾ ഇങ്ങനെയാണ് - ഒരു സ്ട്രോക്ക് മതി, എല്ലാ വർണ്ണങ്ങളും മാഞ്ഞുപോകാൻ.


**ഒരുമാസം താമസിച്ച് ചികിത്സിച്ച്**
**മദ്യപാനത്തിൽ നിന്ന് മുക്തി നേടാം**

**ഗാന്ധിഭവൻ**
**ലഹരിചികിത്സാ**
**പുനരധിവാസ കേന്ദ്രം**

Intergrated Rehabilitation Centre
for Addicts | ISO Certified
മിത്രപുരം, അടൂർ, പത്തനംതിട്ട
ഫോൺ 9605042000

**Gandhibhavan IRCA**
Sponsored by The Ministry of Social
Justice & Empowerment, Govt. of India

**അമിതമദ്യപാനത്തിൽ നിന്നും മുക്തി**
**നേടൂ... ജീവിതം ആനന്ദകരമാക്കൂ**



# പീതാംബരകുറുപ്പ്: കേരള രാഷ്ട്രീയത്തിലെ ഋഷിവര്യൻ

എൻ. പീതാംബരകുറുപ്പ് നാവായിക്കുളം, വെട്ടിയറ ഇടയിലെ വീട്ടിൽ, പി.എൻ. നാരായണ കുറുപ്പിന്റേയും ശ്രീമതി എൽ. ഭവാനിയമ്മയുടേയും മകനായി ജനിച്ചു.

സാമാന്യം സമ്പന്നമായ ജീവിതപശ്ചാത്തലം. വെട്ടിയറ എൽ.പി.എസ്., നാവായിക്കുളം ഹൈസ്കൂൾ, നിലമേൽ എൻ.എസ്.എസ്. കോളേജ്, തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജ്, തിരുവനന്തപുരം ലോ അക്കാദമി ലോ കോളേജ് എന്നിവിടങ്ങളിലൂടെ സാമാന്യ വിദ്യഭ്യാസം നേടി.

കടമ്പാട്ടുകോണം എസ്.കെ.വി.എച്ച്.എസിൽ ഒരു വർഷം അദ്ധ്യാപകനായി ജോലിചെയ്തു. 'അയോദ്ധ്യ' എന്നൊരു ദ്വൈമാസിക സ്വന്തമായി നടത്തി. ചിറയിൻകീഴിൽ നിന്നും 'കിസാൻ' എന്നൊരു മാസിക നടത്തി. ഇപ്പോൾ ഇത് പ്രവർത്തിക്കുന്നില്ല. രണ്ട് കൃതികൾ എഴുതി. 'കിരണങ്ങൾ' സാമൂഹ്യനാടകം, സാഹിത്യധാര ലേഖനസമാഹാരം. കിരണങ്ങൾക്ക് പ്രൊഫ. എൻ. കൃഷ്ണപിള്ള സാർ അവതാരിക എഴുതി.

ഐ.എസ്.ഒ.യിലൂടെ വിദ്യാർത്ഥി രാഷ്ട്രീയം തുടങ്ങി. കെ.എസ്.യു. ജന്മമെടുത്തപ്പോൾ അതിലൂടെ മുന്നോട്ടുവന്നു. 1987 ൽ വാമനപുരത്തു നിന്നും അസംബ്ലിയിലേക്ക് മത്സരിച്ചു. 1988 ൽ വാമനപുരത്തുനിന്നും ഉപതെരഞ്ഞെടുപ്പിൽ മത്സരിച്ചു വിജയിച്ചില്ല. 1998 ൽ കൊല്ലത്തുനിന്ന് മത്സരിച്ച് പാർലമെന്റംഗമായി. 2021 ൽ ചാത്തന്നൂർ അസംബ്ലി മണ്ഡലത്തിൽ നിന്നും മത്സരിച്ചു. ജയിച്ചില്ല. പിന്നീട് ഗുരുവായൂർ ദേവസ്വം ബോർഡ് ചെയർമാനായി ഒരു ടേൺ പ്രവർത്തിച്ചു. ഇപ്പോൾ കോൺഗ്രസ് പ്രവർത്തകനായി തുടരുന്നു. ജീർണ്ണത ബാധിക്കാത്ത ജലപ്രവാഹം പോലെ മുന്നോട്ടുപോകുന്നു. പ്രകൃതിനിയോഗത്തിന്റെ ഭാഗമായി മുന്നേറുന്നു. അലക്സാണ്ടർ ചക്രവർത്തിയുടെ ആഗ്രഹമൊന്നുമില്ല. മഹാപണ്ഡിതനും വാഗ്മിയുമായ അദ്ദേഹം കേരള രാഷ്ട്രീയത്തിലെ ഋഷിവര്യനാണ്. 'സർവ്വസംഗ പരിത്യാഗി.'

## പ്രഥമ ശ്രീ വിദ്യാധിരാജകർമ്മ ശ്രേഷ്ഠ പുരസ്കാരം ഡോ. പുനലൂർ സോമരാജൻ സ്വീകരിച്ചു

ശ്രീവിദ്യാധിരാജ വിശ്വകേന്ദ്രത്തിൻ്റെ പ്രഥമ ശ്രീവിദ്യാധിരാജകർമ്മ ശ്രേഷ്ഠ പുരസ്കാരം ഗാന്ധിഭവൻ സ്ഥാപകനും സെക്രട്ടറിയുമായ ഡോ .പുനലൂർ സോമരാജൻ എൻ എസ് എസ് വൈസ് പ്രസിഡണ്ട് എം സംഗീത കുമാരിൽ നിന്നും സ്വീകരിച്ചു.

പരമഭട്ടാരക ശ്രീ. വിദ്യാധിരാജ ചട്ടമ്പിസ്വാമി തിരുവടികളുടെ ദർശനങ്ങൾ പൊതു സമൂഹ നന്മക്കായി പ്രചരിപ്പിക്കുന്നതിന് 1985 ൽ രൂപീകരിച്ചു വരുന്ന വിദ്യാധിരാജ വിശ്വകേന്ദ്രത്തിൻ്റെ 41-ാം വാർഷിക സമ്മേളനത്തോടനുബന്ധിച്ചാണ് വിദ്യാധിരാജകർമ്മ ശ്രേഷ്ഠരേസ്കും ഏർപ്പെടുത്തിയത്.

41-ാം വാർഷിക സമ്മേളനത്തിൽ സംഘടന പ്രസിഡണ്ട് ഡി. ചന്ദ്രസേനൻ നായർ അധ്യക്ഷതവഹിച്ചു. ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അനുഗ്രഹ പ്രഭാഷണം നടത്തി.
ശ്രീമതി ജി. എസ്. മഞ്ജു ഗുരുവന്ദനവും എസ് എസ് മനോജ് സ്വാഗതവും പറഞ്ഞു.

പന്മന ഗിരീഷ് , എം കാർത്തികേയൻ നായർ, എസ്



ആർ കൃഷ്ണകുമാർ , പി.ശശികുമാർ, വി ഹരികുമാർ, അഡ്വ സതീഷ് വസന്ത് ഡോ. ഷാജി കുര്യാത്തി, പള്ളിച്ചൽ ഗോപൻ എന്നിവർ അനുമോദന പ്രഭാഷണം ചെയ്തു അവാർഡ് ജേതാവ് ഡോ . പുനലൂർ സോമരാജൻ മറുപടി പ്രസംഗവും തളിയൽ എൻ രാജശേഖരൻ പിള്ള നന്ദിയും പറഞ്ഞു

16 വർഷം മുൻപ് എഴുതിയ ലേഖനം



> ഞാനൊരു നാട്ടിൻപുറത്തുകാരനാണ്. പരിഷ്കാരത്തിന്റെ ആദിരശ്മി പോലും കടന്നുവന്നിട്ടില്ലാത്ത ഗ്രാമം. യാത്രാസൗകര്യമോ ജനജീവിതത്തിന് ആവശ്യമുള്ള മറ്റ് സാഹചര്യങ്ങളോ ഞങ്ങൾക്കില്ലായിരുന്നു. ഇടത്തരക്കാരായ കർഷകരും പാവപ്പെട്ട കർഷകത്തൊഴിലാളികളും നാമമാത്രം കൃഷിക്കാരും അടങ്ങിയ ഒരു ഗ്രാമപ്രദേശമാണത്. ചിങ്ങത്തിലെ കൊയ്ത്തുകഴിഞ്ഞ് പാടമൊരുക്കി കഴിയുമ്പോഴാണ് സാധാരണ ഓണമെത്തുക. പുന്നെല്ലിന്റെയും ഒരുക്കിയിട്ട പാടത്തുനിന്നുള്ള ചേറിന്റെയും മണം ഗ്രാമാന്തരീക്ഷത്തിൽ തങ്ങിനിൽക്കും.

# ഒരു നാട്ടിൻപുറത്തുകാരന്റെ ഓണം

-തെങ്ങമം ബാലകൃഷ്ണൻ
ഓണത്തെക്കുറിച്ച് ഓർക്കുമ്പോൾ....

ഒരോണക്കാലം കൂടി യാത്ര പറഞ്ഞുപോയി. കാണം വിറ്റും ഓണം ഉണ്ണുന്ന മലയാളി അടുത്ത ഓണത്തിനുവേണ്ടി കാത്തിരിക്കുന്നു. മഹാബലിയെ ആരും കണ്ടിട്ടില്ലെങ്കിലും കേരളമാകെ മഹാബലി നിറഞ്ഞുനിന്നു. ഓണം കേരളീയരുടെ കൊയ്ത്തുത്സവം തന്നെയാണ്. പഞ്ഞമാസങ്ങളായ മിഥുനവും കർക്കിടവും പോയി പൊന്നിൻ ചിങ്ങത്തിന്റെ ശോഭയോടെ ആകാശമാകെ തെളിയുന്നു. ഓണനിലാവിന് ഒരു പ്രത്യേകതരം ആകർഷണീയതയുണ്ട്.

ഓണത്തെപ്പറ്റി പറയുമ്പോൾ ഗൃഹാതുരത്വം എന്നെ വല്ലാതെ വേട്ടയാടുന്നു. ഞാനൊരു നാട്ടിൻപുറത്തുകാരനാണ്. പരിഷ്കാരത്തിന്റെ ആദിരശ്മി പോലും കടന്നുവന്നിട്ടില്ലാത്ത ഗ്രാമം. യാത്രാസൗകര്യമോ ജനജീവിതത്തിന് ആവശ്യമുള്ള മറ്റ് സാഹചര്യങ്ങളോ ഞങ്ങൾക്കില്ലായിരുന്നു. ഇടത്തരക്കാരായ കർഷകരും പാവപ്പെട്ട കർഷകത്തൊഴിലാളികളും നാമമാത്രം കൃഷിക്കാരും അടങ്ങിയ ഒരു ഗ്രാമപ്രദേശമാണത്. ചിങ്ങത്തിലെ കൊയ്ത്തുകഴിഞ്ഞ് പാടമൊരുക്കി കഴിയുമ്പോഴാണ് സാധാരണ ഓണമെത്തുക. പുന്നെല്ലിന്റെയും ഒരുക്കിയിട്ട പാടത്തുനിന്നുള്ള ചേറിന്റെയും മണം ഗ്രാമാന്തരീക്ഷത്തിൽ തങ്ങിനിൽക്കും. അന്തരീക്ഷമലിനീകരണമെന്ന ഒന്ന് അവിടെയില്ലായിരുന്നു. പത്തുദിവസമില്ലെങ്കിലും നാലഞ്ചു ദിവസമെങ്കിലും ആളുകൾ ഓണം പോലെ കഴിയും. പെൺകുട്ടികളുടെ ഊഞ്ഞാലാട്ടവും വായക്കുരവയും ചെറുപ്പക്കാരുടെയും കുട്ടികളുടെയും കാൽപ്പന്തുകളിയുടെ സമയത്തുണ്ടാകുന്ന ആരവവും എല്ലാം അന്തരീക്ഷത്തിൽ ഊർജ്ജസ്വലത പകർന്നിരുന്നു. അതൊന്നും ഇപ്പോൾ ഒരു ഗ്രാമത്തിലും അതിന്റെ തികവോടെ ഉണ്ടാകുമെന്ന് കരുതാൻ വയ്യ. മലയാളികളായ നാം വളരെ മാറിയിരിക്കുന്നു.

പണമുള്ളവർ സ്റ്റാർ ഹോട്ടലുകളിൽ നിന്നാണ് തിരുവോണമുണ്ണുന്നത്. പലതരം കറിയുണ്ടാക്കാനും ഇല കഴുകാനുമൊന്നും ആളുകൾ മിനക്കെടുന്നില്ല. അവരും ഓണം സുഭിക്ഷമാക്കുകയാണ് പതിവ്. അവർക്ക് ഓണം ഒരു വിശേഷദിവസമേയല്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അവർ എന്നും ഓണം പോലെ കഴിയുന്നവരാണ്. മലയാളി ഓണത്തെ ഔപചാരികമായി മാത്രം വരവേൽക്കുന്നു. ഓണം അതിന്റെ എല്ലാ ഭംഗിയോടും കൂടി അന്യനാടുകളിൽ താമസിക്കുന്ന മലയാളികളാണ് ആഘോഷിക്കുന്നത്. ഓണത്തിന് ഇവിടെയും ആഘോഷങ്ങളുണ്ടായില്ലെന്നു പറയാനാവില്ല. മദ്യഷാപ്പുകളുടെ മുന്നിൽ ഓണം ആഘോഷിക്കാനെത്തിയവരുടെ നീണ്ടനിര എല്ലായിടത്തും കാണാമായിരുന്നു. ഓണത്തിന് കോടികളുടെ മദ്യമാണ് മലയാളികൾ കുടിച്ചുതീർത്തത്.

അക്കാര്യത്തിൽ സർവ്വകാല റെക്കോർഡായിരുന്നു ഇപ്രാവശ്യം. ഒരു ഭാഗത്ത് ആളുകൾ ഇങ്ങനെ കുടിച്ച് കൂത്താടുമ്പോൾ അഭയകേന്ദ്രങ്ങളിൽ എത്താൻ പോലും കഴിയാത്ത പാവങ്ങൾ തെരുവിലും കടത്തിണ്ണയിലും തിരുവോണത്തിന് ഒരു നേരത്തെ ഭക്ഷണം പോലും കിട്ടാതെ അലയുന്നുണ്ടെന്ന് സൗകര്യപൂർവ്വം നാം മറക്കുന്നു. പ്രതീക്ഷയും ആഗ്രഹവും എന്നെന്നേക്കുമായി നഷ്ടപ്പെട്ടവരാണവർ. അവരുടെ സങ്കടം ആരറിയാൻ!

ഈ വർഷം ഓണം ആഘോഷിക്കാൻ ആവുന്നതൊക്കെ ഗവൺമെന്റ് ചെയ്തിരുന്നു. ജനങ്ങൾ വിലവർദ്ധനവിന്റെ പിടിയിൽ ഞെരിഞ്ഞമർന്നിരുന്ന ഒരു സമയത്തായിരുന്നു ഓണം. അതിനെ നേരിടാൻ സിവിൽ സപ്ലൈസ് വകുപ്പും സഹകരണവകുപ്പും നാട്ടിലെമ്പാടും പ്രത്യേക വിപണനകേന്ദ്രങ്ങളും ഓണച്ചന്തകളും ആരംഭിച്ചത് ജനങ്ങൾക്ക് വളരെയേറെ ആശ്വാസം പകർന്നിരുന്നു. വിലകൂട്ടി വാങ്ങിയ സാധനങ്ങൾ ചെറുതും വലുതുമായ വിപണനകേന്ദ്രങ്ങളിലൂടെ വിലകുറച്ച് നാട്ടുകാർക്ക് നൽകി. ഇത്തരം സ്ഥിരവിപണന കേന്ദ്രങ്ങളിൽ നാട്ടുകാരുടെ- പ്രത്യേകിച്ചും വീട്ടമ്മമാരുടെ നാലും അഞ്ചും വരി വരുന്ന നിരകൾ തന്നെ രൂപം കൊണ്ടിരുന്നു. അവർ ഈ നിരകളിൽ ക്ഷമയോടെ വിലകുറച്ച് സാധനങ്ങൾ വാങ്ങാൻവേണ്ടി കാത്തുനിന്ന കാഴ്ച നമ്മുടെ നാടിന്റെ യഥാർത്ഥ ചിത്രം ഏതാണ്ട് വെളിപ്പെടുത്തുന്നതായിരുന്നു. സർക്കാർ ജീവനക്കാർക്കും തൊഴിലാളികൾക്കും തൊഴിലാളികൾക്കും തൃപ്തികരമായ വിധം ബോണസും ഉത്സവബത്തയും ലഭിച്ചു. സബ്സിഡി ഇനത്തിൽ കുറെ കോടികൾ ജനങ്ങൾ മുടക്കിയെങ്കിലും അത് ജനങ്ങളുടെ പണം തന്നെയായിരുന്നുവല്ലോ. ഇതിനുവേണ്ടി, സർക്കാർ കടംകൊണ്ട പണമാണെങ്കിലും അത് കൊടുത്തുതീർക്കേണ്ട ബാദ്ധ്യതയും നാട്ടുകാർക്കുതന്നെയാണ്. പുത്തൻ ഉടുപ്പുകൾക്കും പുടവകൾക്കുമായി ഈ സാഹചര്യത്തിലും കോടികൾ ചെലവഴിക്കപ്പെട്ടു. ബോണസായി കിട്ടിയ തുകകളെല്ലാം ഒഴുകിയെത്തിയത് കമ്പോളത്തിലെ തുണിക്കടകളിലും ഗൃഹോപകരണങ്ങൾ വിൽക്കുന്നിടങ്ങളിലുമാണ്. ഈ കാലഘട്ടത്തിന്റെ മുഖമുദ്രയെന്നപോലെ കുറെ സൗജന്യങ്ങളും സമ്മാനങ്ങളും ഒരുക്കിയിരുന്നു. മക്കളും കൊച്ചുമക്കളും അന്യനാടുകളിലായിരുന്നതുകൊണ്ട് ഒറ്റയ്ക്ക് ഓണം ആഘോഷിച്ച് അച്ഛനമ്മമാരുടെ സംഖ്യയും കുറവായിരുന്നില്ല. എങ്കിലും



**ഒരു ഭാഗത്ത് ആളുകൾ ഇങ്ങനെ കുടിച്ച് കൂത്താടുമ്പോൾ അഭയകേന്ദ്രങ്ങളിൽ എത്താൻപോലും കഴിയാത്ത പാവങ്ങൾ തെരുവിലും കടത്തിണ്ണയിലും തിരുവോണത്തിന് ഒരു നേരത്തെ ഭക്ഷണം പോലും കിട്ടാതെ അലയുന്നുണ്ടെന്ന് സൗകര്യപൂർവ്വം നാം മറക്കുന്നു. പ്രതീക്ഷയും ആഗ്രഹവും എന്നെന്നേക്കുമായി നഷ്ടപ്പെട്ടവരാണവർ. അവരുടെ സങ്കടം ആരറിയാൻ!**

ഓണക്കാലത്ത് കുടുംബത്ത് ഒന്നിച്ചു ചേരാൻ താൽപര്യം കാണിക്കുന്നവരുടെ സംഖ്യ കുറ്റിയറ്റിട്ടില്ലെന്നതും ഈ ഓണക്കാലത്ത് കാണാൻ കഴിഞ്ഞു.

ഓണക്കാലത്ത് ഒരു പ്രത്യേകതയും തോന്നാത്ത ഒരാളാണ് ഞാൻ. അത് എന്നും ഓണം പോലെയായതുകൊണ്ടല്ല. പല കാരണങ്ങളാൽ ഓണക്കാലത്ത് മനസ്സെത്തുന്നത് അങ്ങനെയാണ്. എന്റെ രണ്ട് ഓണക്കാലം ഇരുമ്പഴികൾക്കുള്ളിലായിരുന്നു. ജയിലിലെ ആദ്യത്തെ ഓണം 1949 ലായിരുന്നു. അന്ന് കുപ്രസിദ്ധമായ കൊല്ലം കസ്ബാ പോലീസ് സ്റ്റേഷനിൽ തടവുകാരനായിരുന്നു ഞാൻ. ഓരോ ദിവസവും തരുന്ന തരംതാണ ഭക്ഷണം ആരോഗ്യത്തെ വല്ലാതെ ബാധിച്ചിരുന്നു. ഓണത്തിന് ചോറ് വിലകുറഞ്ഞ അരിയുടേതാണെങ്കിലും കറികൾ നാലഞ്ചു തരമുണ്ടായിരുന്നു. പ്രതീക്ഷിച്ചതല്ലെങ്കിലും ഒരു പായസവും കിട്ടി. ബോട്ടുജെട്ടിക്കടുത്തുള്ള അമ്പലപ്പുഴയുടെ കടയിലാണ് തടവുകാർക്ക് ഭക്ഷണം ഏർപ്പെടുത്തിയിട്ടുള്ളത്. അക്കാരണത്താൽ പോലീസികാരിൽ പലർക്കും അവിടെനിന്നും ഭക്ഷണം ഫ്രീയാണ്. അങ്ങനെ സൗജന്യം നൽകുന്ന ഭക്ഷണത്തിന്റെ വില തടവുകാർക്കു നൽകുന്ന ഊണിന്റെ അളവും ഗുണവും കുറച്ച് ഈടാക്കും. ലോക്കപ്പ് മുറിയുടെ ഭിത്തിയിൽ ഉയരത്തിൽ വച്ചിട്ടുള്ള വെന്റിലേറ്ററിന്റെ ഇടയിലൂടെ ഊർന്നുവീഴുന്ന ഓണനിലാവ് ശൈശവകാലത്തെ ഓണാനുഭവങ്ങളെ ഓർമ്മിച്ചുകൊണ്ടിരുന്നു. വീടു നിൽക്കുന്ന പറമ്പിന്റെ തെക്കുഭാഗത്ത് കൃഷി ചെയ്തിരുന്ന കരനെല്ലിന്റെ അരി വച്ചുണ്ടാക്കുന്ന ചോറിന് ഒരു പ്രത്യേക രുചിയായിരുന്നു. ഓണത്തിന് അമ്മയും കുടുംബാംഗങ്ങളും എന്നെപ്പറ്റി ഓർത്തിരിക്കും എന്നതിൽ സംശയമില്ല. അടുത്ത വർഷത്തെ ഓണം സെൻട്രൽ ജയിലിലായിരുന്നു. ഗോതമ്പുണ്ടയ്ക്കെതിരെ സമരം ചെയ്തതിന് ആറേഴു ദിവസം ഒറ്റമുറിയിൽ അടച്ചിട്ടിരുന്നുവെങ്കിലും ഓണത്തിന് ഫ്രെഷായ പച്ചക്കറി ചേർത്തുണ്ടാക്കിയ കറികളോടുകൂടി ഓണം അവിടെയും ആഘോഷിച്ചു. എന്നെപ്പോലെ അക്കാലത്ത് ജയിലിൽ കഴിഞ്ഞിരുന്ന ഓരോ തടവുകാരനും ഭാവനയിൽ ഒരുപക്ഷേ അവന്റെ കുട്ടിക്കാലത്തെ ഓണത്തെപ്പറ്റി ഓർക്കാതിരിക്കില്ല.

ഓണം കാർഷികോത്സവമാണെങ്കിലും അതോടനുബന്ധിച്ച് രൂപപ്പെട്ട സമത്വസന്ദേശം ജീവിതത്തിന്റെ മുമ്പോട്ടുള്ള യാത്രയിൽ ഒരു വഴിവിളക്കായി തെളിഞ്ഞുനിൽക്കും. കള്ളപ്പറയും ചെറുനാഴിയുമില്ലാത്ത, എള്ളോളവും പൊളിവചനമില്ലാത്ത, മാനുഷരെല്ലാരമൊന്നുപോലെ കഴിയുന്ന ആ ലോകം എത്ര സുന്ദരമാണ്. അവിടെ കള്ളവും ചതിയുമുണ്ടാവുകയുമില്ല. ശരിക്കും പറഞ്ഞാൽ ആഗ്രഹങ്ങളും പ്രതീക്ഷകളുമല്ലേ നമ്മെ മുന്നോട്ടുനയിക്കുന്നത്. എന്നെപ്പോലെയുള്ളവരെല്ലാം സമത്വസുന്ദരമായ ഒരു ലോകം സ്വപ്നം കണ്ടുകൊണ്ട് അതിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച് മുന്നോട്ടു വന്നവരാണ്. നിരാശ ഒരിക്കലും ഉണ്ടായിട്ടില്ല. അജയ്യനായ മനുഷ്യൻ അനദിവിദൂരഭാവിയിൽ മർദ്ദനവും ചൂഷണവും ഇല്ലാത്ത മാനവികതയുടെ പൂനിലാവ് ചൊരിയുന്ന ഒരു ലോകം പടുത്തുയർത്തുമെന്നതിൽ സംശയമില്ല. അങ്ങനെയൊരോണക്കാലത്തിനുവേണ്ടി കാത്തിരിക്കാം.

# നാടകങ്ങൾക്കു മാത്രമായി പ്രത്യേക തിയേറ്ററുകൾ വേണമെന്ന് മന്ത്രി പി.സി. വിഷ്ണുനാഥ്









മുംബൈയിലെയും ബംഗ്ലൂരുവിലെയും മാതൃകയിൽ നാടകങ്ങൾക്കു മാത്രമായി പ്രത്യേക തിയേറ്റർ കേരളത്തിലും വേണമെന്ന് സാംസ്കാരിക വകുപ്പു മന്ത്രി പി.സി. വിഷ്ണുനാഥ് പറഞ്ഞു.

സിനിമയ്ക്കു സമാനമായ അടിസ്ഥാന സൗകര്യങ്ങൾ നാടകങ്ങൾക്കും ഒരുക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഒ. മാധവൻ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഒ. മാധവൻ സ്മൃതി ദിനത്തോടനുബന്ധിച്ച് അവാർഡ് ദാന ചടങ്ങ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി.

ജീവകാരുണ്യപ്രവർത്തനത്തിനുള്ള ശ്രേഷ്ഠപുരസ്കാരം ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ, മികച്ച ചലച്ചിത്ര നടനുള്ള ശ്രേഷ്ഠപുരസ്കാരം ഇന്ദ്രൻസ്, നാടകരംഗത്തെ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം ശൈലജ ജലജയും നാടകനടനുള്ള പുരസ്കാരം കണ്ണൂർ വാസുകുട്ടിയും സംവിധായകൻ കമലിൽ നിന്നും സ്വീകരിച്ചു.

ഫൗണ്ടേഷൻ ചെയർമാൻ കെ. വരദരാജൻ അദ്ധ്യക്ഷനായി. സി.ആർ. മഹേഷ് എം.എൽ.എ., മുൻ എം.പി. സി.എസ്. സുജാത, ജനറൽ സെക്രട്ടറി എം. മുകേഷ്, സൂരജ് രവി, സന്ധ്യാ രാജേന്ദ്രൻ, അഡ്വ. എ. രാജീവ്, പ്രദീപ് ആശ്രാമം. പി.കെ. സുധീർ എന്നിവർ പങ്കെടുത്തു.

സന്ധ്യാ രാജേന്ദ്രൻ സംവിധാനം ചെയ്ത കാളിദാസ് കലാകേന്ദ്രത്തിന്റെ പുതിയ നാടകം "ഇപ്പോഴല്ലെങ്കിൽ എപ്പോൾ" ചടങ്ങിനോടനുബന്ധിച്ച് അരങ്ങേറി.

# ഗാന്ധിഭവൻ പുത്തൂർ ഓണാഘോഷം





പുത്തൂർ ഗാന്ധിഭവൻ ഓണാഘോഷം അത്തംനാളിൽ തുടങ്ങി തിരുവോണം നാളിൽ വിവിധ പരിപാടികളോടെ സമാപിച്ചു. ആഗസ്ത് 17 ന് രാജൻ കോസ്മിക് സംവിധാനം ചെയ്ത സർഗ്ഗസംഗീതം, 18 നാടൻപാട്ട്, 19 ന് സ്നേഹസ്പർശം കൂട്ടായ്മ, 20 ന് നർത്തനം, 21 ന് സംഗീതവിരുന്ന്, 22 ന് നൃത്തോത്സവം, 23 ന് നൃത്താദരവ്, 24 ന് സംഗീതവിരുന്ന്, 25 ന് ദേവരാഗം, ഓണപ്പാട്ടുകൾ, 26 ന് പൊന്നോണക്കാഴ്ച എന്നീ പരിപാടികളോടെ സമാപിച്ചു. ഗാന്ധിഭവൻ പുത്തൂർ ഡയറക്ടറായി സി. ശിശുപാലനാണ് എല്ലാറ്റിനും നേതൃത്വം നൽകിയത്.



രാജീവ് ആലുങ്കൽ
9446192777

# എതിരൊഴുക്ക്

അത്രമേലിഷ്ടമായുള്ള രണ്ടാളുകൾ
പിരിയാതിരിക്കട്ടെ
വേർപെട്ടുപോയെങ്കിൽ അവരിനി വീണ്ടും
വേണ്ടാതിരിക്കട്ടെ
ചെമ്മാനമിരുളുമ്പോൾ ആശ്വാസമെന്നോർത്ത്
ചായാതിരിക്കട്ടെ.
തട്ടിയുടഞ്ഞുപോം വിശ്വാസക്കണ്ണാടി
തേടാതിരിക്കട്ടെ.
പിടയുംസ്മൃതിച്ചൂരിൽ, പ്രണയസന്ദേഹങ്ങൾ
മീട്ടാതിരിക്കട്ടെ.
നെഞ്ചടുപ്പിൽ നീറും വെണ്ണീറുതൊട്ടുകൊ-
ണ്ടുലയാതിരിക്കട്ടെ.
മുകിൽമരപ്പൊത്തിലെ മഴമുത്തമില്ലാഞ്ഞാൽ
കൊഴിയാതിരിക്കട്ടെ.
ഒരു തുഴത്തൂവലായ് ആരെയുമെപ്പോഴും
തേടാതിരിക്കട്ടെ
ഒറ്റയ്ക്കുതോറ്റുവാനുള്ളയുൾപാട്ടുകൾ
ഓർമ്മയുണ്ടാകട്ടെ
അറിവെന്ന മുറിവിന്റെ ഉറവമറന്നാരും
ആറാതിരിക്കട്ടെ
മുറിയിരുട്ടിൽ സ്വയം തീരുവാനാശിച്ചു
നീറാതിരിക്കട്ടെ.
തീ തിന്നുതാനെ തിളങ്ങലേ ജീവിതം
തീർമ്മയുണ്ടായിടട്ടെ.

# രാഷ്ട്രസേവാ പുരസ്കാരം കെ.സി. വേണുഗോപാലിന്

വിദ്യാഭ്യാസമേഖലയ്ക്ക് അമൂല്യമായ സംഭാവനകൾ നൽകിയ പി. രാമചന്ദ്രൻ നായർ (മാമിസാർ) ആവണീശ്വരം വൊക്കേഷണൽ സ്കൂളിന്റെ സ്ഥാപകനും മാനേജരും ഹെഡ്മാസ്റ്ററുമായിരുന്നു.

സാമൂഹ്യ-രാഷ്ട്രീയ മേഖലകളിൽ സ്തുത്യർഹമായി പ്രവർത്തിച്ച അദ്ദേഹത്തിന്റെ പേരിൽ രാമചന്ദ്രൻ നായർ മെമ്മോറിയൽ ട്രസ്റ്റ് ഏർപ്പെടുത്തിയ 'രാഷ്ട്രസേവാ പുരസ്കാരം' 25,000 രൂപയും ശില്പവും ചടങ്ങിൽവെച്ച് അദ്ദേഹത്തിന്റെ മക്കളുടേയും ബന്ധുക്കളുടേയും സാന്നിദ്ധ്യത്തിൽ ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ കെ.സി. വേണുഗോപാൽ എം.പി.ക്കു നൽകി.












# കെ.സി. വേണുഗോപാൽ എം.പി.യും ഗാന്ധിഭവൻ സോമരാജനും

ഒരു സംഭവം എനിക്ക് ഓർമ്മ വരികയാണ്. വർഷങ്ങൾക്ക് മുമ്പ്, ഞാൻ കാറോടിച്ചുപോകുമ്പോൾ റോഡിൽ കിടക്കുന്ന ഒരച്ഛനെ കണ്ടു. പ്രായമായ ഒരച്ഛൻ ജീവിതപ്രയാസം കൊണ്ടും പ്രാരാബ്ദങ്ങളും കൊണ്ടും മനസ്സിന് അല്പം വൈകല്യം വന്ന മനുഷ്യനായിരുന്നു അദ്ദേഹം. വീട്ടിൽ പോകാൻ പറ്റാത്ത അവസ്ഥയിലായിരുന്നു അദ്ദേഹം. വീട്ടിലുള്ള മക്കൾ അടക്കമുള്ളവർക്ക് അദ്ദേഹത്തെ സ്വീകരിക്കാനും ബുദ്ധിമുട്ട്. ഈ ഒരവസ്ഥയിൽ എന്തുചെയ്യണമെന്ന് ഞാൻ ആലോചിച്ചപ്പോൾ എന്റെ മനസ്സിൽ തെളിഞ്ഞ രൂപം ഗാന്ധിഭവൻ സോമരാജന്റേതായിരുന്നു. ഞാനപ്പോൾത്തന്നെ അദ്ദേഹത്തെ വിളിച്ചു കാര്യം പറഞ്ഞു. അപ്പോൾത്തന്നെ ആ അച്ഛനെ ഗാന്ധിഭവൻ സ്വീകരിച്ചു.

നമ്മുടെയൊക്കെ ജീവിതത്തിൽ കാണുന്ന ഇത്തരം അവസ്ഥകൾ കാണുമ്പോഴാണ് ഗാന്ധിഭവനെ ഓർത്തുപോകുന്നത് എന്ന് കെ.സി. പറഞ്ഞു.

# അവാർഡ് തുക കെ.സി. വേണുഗോപാൽ ഗാന്ധിഭവനു നൽകി

സാമൂഹ്യ-രാഷ്ട്രീയമേഖലകളിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ച വെച്ചവർക്കു നൽകുന്ന 'രാഷ്ട്രസേവാ പുരസ്കാരം' ഇത്തവണ എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എം.പി.ക്കാണു ലഭിച്ചത്. അവാർഡ് സ്വീകരിച്ചശേഷം 25,000 രൂപ അദ്ദേഹം ഗാന്ധിഭവനു സമ്മാനിച്ചു.



# കുറുപ്പ് സാറിന്റെ **വിശേഷങ്ങൾ**



ദീർഘകാലം മഹാരാഷ്ട്രയിൽ കോളേജ് അദ്ധ്യാപകൻ. ഇംഗ്ലീഷ് വകുപ്പുമേധാവി, ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. ഇപ്പോൾ അഖിലേന്ത്യാ സമാധാന ഐക്യദാർഢ്യസമിതി എന്ന സമാധാനപ്രസ്ഥാനത്തിന്റെ സംസ്ഥാന പ്രസിഡന്റും ദേശീയ എക്സിക്യൂട്ടീവ് അംഗവുമാണ് മാവേലിക്കരയിലെ ഡോ. പി.കെ. ജനാർദ്ദനകുറുപ്പ് സാർ.

സാഹിത്യത്തിന്റെ വിവിധ മേഖലകളായി പാവം മനസ്സ്, ചില സത്യാനന്തരകാല വിചാരണങ്ങൾ, താക്കോൽ പഴുതും നമ്മളും, പപ്പടം പൊടിഞ്ഞിട്ടില്ല, വിചാരങ്ങൾ വിസ്മയങ്ങൾ, മനുഷ്യ ചിറകനക്കങ്ങൾ, നിഴൽചിത്രങ്ങൾ, അങ്ങേ കൊമ്പിലെ കിളികൾ, താങ്ക് യു മിസ്റ്റർ ഗ്ലാഡ് (മറാഠിയിൽ നിന്നുള്ള വിവർത്തന നാടകം) prodigal son (തോപ്പിൽഭാസിയുടെ മുടിയനായ പുത്രൻ എന്ന നാടകത്തിന്റെ ഇംഗ്ലീഷ് വിവർത്തനം) 'അഗ്നിസാക്ഷി'യെ ആധാരമാക്കി ദൂരദർശൻ സംപ്രേക്ഷണം ചെയ്ത സീരിയലിന് ഏറ്റവും മികച്ച സീരിയലിനുള്ള സംസ്ഥാന അവാർഡ് നേടി. ഈ സീരിയലിന് തിരക്കഥയും സംഭാഷണവും രചിച്ചു. കുറുപ്പ് സാറിന്റെ സാഹിത്യം, സംസ്കാരം, കാരുണ്യം എല്ലാ പ്രവർത്തനങ്ങൾക്കും കരുത്തായി ഒപ്പം പ്രിയപത്നി പ്രൊഫ. ചന്ദ്രിക ടീച്ചർ ഉണ്ട്.

### ഡോ. സോണിയ സുരേഷ്

മഹാരാഷ്ട്ര അമരാവതിയിൽ അച്ഛനും അമ്മയും ഇംഗ്ലീഷ് പ്രൊഫസർമാരായിരുന്നു. അവിടെയാണ് സോണിയ വളർന്നതും പഠിച്ചതും. ഒന്നോ രണ്ടോ മലയാളി കുടുംബങ്ങൾ മാത്രമെ അവിടെ ഉണ്ടായിരുന്നുള്ളു. ഡോ. സോണിയ എം.ബി.ബി.എസ്. നാഗ്പൂർ മെഡിക്കൽ കോളേജിലാണ് പഠിച്ചത്. അത്രയും വർഷം അവിടെയായിരുന്നു. മറാഠി മീഡിയത്തിൽ പഠിച്ചതുകൊണ്ട് മറാഠിയും ഹിന്ദിയും നന്നായി കൈകാര്യം ചെയ്തിരുന്നു. മെഡിസിനോളം ഇഷ്ടമാണ് മലയാള സാഹിത്യവും. പിജി ചെയ്തത് തിരുവനന്തപുരത്താണ്.

വലുതും ചെറുതുമായ ആശുപത്രികളിൽ ജോലി ചെയ്തിട്ടുണ്ട്. മറ്റു ആശുപത്രികളിൽ ജോലി ചെയ്യുമ്പോഴും ഒരു ക്ലിനിക് നടത്തുന്നു. അത് ഒരു 'ഡയബറ്റിക് ക്ലിനിക്' ആണ്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, ഡയബറ്റീസ് സംഘടന എന്നിങ്ങനെ നിരവധി സംഘടനകളിൽ സജീവമായി പ്രവർത്തിക്കുന്നു. ഒരു യുട്യൂബർ കൂടിയാണ്. കഴിഞ്ഞ മൂന്നുവർഷമായി അതിനുവേണ്ടി സമയം മാറ്റിവെച്ചിട്ടുണ്ട്.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ടി രണ്ടു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ഒന്ന് 'പ്രമേഹം' രണ്ട് 'വാർദ്ധക്യകാല രോഗങ്ങൾ' മൂന്നാമത്തെ പുസ്തകം എഴുതിക്കൊണ്ടിരിക്കുന്നു.

ഭർത്താവ് ഡോ. സുരേഷ് വെഞ്ഞാറമൂട് ഗോകുലം മെഡിക്കൽ കോളേജിൽ നട്ടെല്ലിന്റെ പ്രൊഫസറാണ്. മക്കൾ അമൃത, ആദിത്യ യു.എസിൽ വിദ്യാർത്ഥികളാണ്.



ഡോ. സോണിയ

## ഗാന്ധിഭവനെ കുറിച്ച്

15 വർഷം മുമ്പാണ് താൻ ഗാന്ധിഭവനിൽ വന്നതെന്ന് ഡോ. സോണിയ സുരേഷ് പറയുകയുണ്ടായി. ആദ്യമായി ഗാന്ധിഭവനിൽ ചെന്നപ്പോൾ പറഞ്ഞറിയിക്കാൻ പറ്റാത്ത അനുഭവമായിരുന്നു. അഞ്ചാറു ദിവസത്തേക്ക് എന്റെ മനസ്സ് വല്ലാതായിരുന്നു. നമ്മൾ എത്ര ചെറുതാണ്. വളരെ കുറച്ചു കാര്യങ്ങൾ മാത്രമെ ചെയ്യുന്നുള്ളു എന്ന തോന്നലാണ് ഗാന്ധിഭവൻ നൽകിയ ആദ്യ കാഴ്ചയിൽ മനസ്സിലാക്കിയത്.

മെഡിക്കൽ ലോകത്ത് ശാരീരിക വിഷമതകളും മറ്റസുഖം ബാധിച്ചവരേയും കാണുന്നുണ്ടെങ്കിലും ഒരു റൂഫിനു താഴെ ഇത്രയധികം സഹജീവികളെ കാണുന്നത് വല്ലാത്ത ഫീലിംഗ് ആയിരുന്നു. അതിനുശേഷം പല പ്രാവശ്യം ഗാന്ധിഭവനിൽ വന്നിട്ടുണ്ട്. അപ്പോഴെല്ലാം പുതിയ ആളുകളെ കൊണ്ടുവരാറുണ്ട്. അവർക്കെല്ലാം പുതിയ ലോകം, പുതിയ അനുഭവമായിരുന്നു ഗാന്ധിഭവൻ.

സത്യം പറഞ്ഞാൽ സോമരാജൻ സർ ഒരു അത്ഭുതമനുഷ്യനാണ്. കരുണയും അലിവും സേവനമനോഭാവവും, അതിനു പുറത്തോട്ട് ഒരു എക്സലന്റ് മാനേജ്മെന്റ് ആയിട്ടാണ് എനിക്കു തോന്നിയത്. ഇനിയും ഇനിയും അർത്ഥവത്തായ രീതിയിൽ പലതും അവിടേക്കു നൽകണമെന്നുണ്ട്. അതു നൽകുകയും ചെയ്യും.

ഇവിടെ പുലിയൂർ ഇലഞ്ഞിമേൽ വള്ളിക്കാവ് ക്ഷേത്രത്തിനു സമീപം പ്രവർത്തിക്കുന്ന ഗാന്ധിഭവന്റെ ശാഖയുടെ രക്ഷാധികാരി കൂടിയാണ് എന്റെ അച്ഛൻ. ഇവിടത്തെ ഗാന്ധിഭവനിൽ ഞങ്ങൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഓരോ ദിവസം പിന്നിടുന്തോറും സോമരാജൻ സാറിനോടുള്ള ആദരവ് കൂടി കൂടി വരികയാണ്.

# വലിയൊരു ഹോട്ടൽ ഉടമ ഗാന്ധിഭവനിൽ അടുക്കളക്കാരൻ



രാജേന്ദ്രൻ ഇപ്പോൾ പത്തനാപുരം ഗാന്ധിഭവനിലെ പാചകക്കാരനാണ്. എന്നാൽ രാജേന്ദ്രന് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഹോട്ടലും സിനിമാ തിയേറ്ററും ഉണ്ടായിരുന്നു. പിന്നീട് അതെല്ലാം നഷ്ടപ്പെട്ടു.

എട്ടാമത്തെ വയസ്സിലാണ് രാജേന്ദ്രൻ ഹോട്ടലിൽ ജോലിക്കുവന്നത്. അവിടെ നിന്ന് ഏവരുടേയും പ്രീതി പിടിച്ചുപറ്റി. ഹോട്ടൽ ഉടമ സ്വന്തം മകനെപ്പോലെ രാജേന്ദ്രനെ വളർത്തി. അങ്ങനെ ഹോട്ടലിന്റേയും തിയേറ്ററുകളുടേയും ചുമതല രാജേന്ദ്രനെ ഏൽപിച്ചു. പിന്നീട് അനന്തരവകാശികൾ അതേറ്റെടുത്തപ്പോൾ രാജേന്ദ്രന് എല്ലാം നഷ്ടമായി.

ചെറുപ്പം മുതൽ ജീവിതത്തിന്റെ കയ്പുനീർ കുടിച്ചുവളർന്നവനാണ് രാജേന്ദ്രൻ. ആദ്യത്തെ വേദന അച്ഛനും അമ്മയും വിവാഹബന്ധം വേർപെടുത്തിയപ്പോഴാണ്. പിന്നീട് അവർ മരണപ്പെട്ടു. ചേച്ചിയും അനുജനും ഇപ്പോൾ എവിടെയെന്നറിയില്ല.

25-ാമത്തെ വയസ്സിൽ വിവാഹിതനായ രാജേന്ദ്രൻ പിന്നീട് ഗൾഫിൽ ജോലി തേടിപ്പോയി. ഗൾഫ് ജീവിതം അവസാനിച്ചു വന്നശേഷം മക്കളെ കല്യാണം കഴിച്ചയച്ചു. ആരേയും ബുദ്ധിമുട്ടിക്കാതെ ജീവിക്കണമെന്ന ആഗ്രഹം കൊണ്ടാണ് ഗാന്ധിഭവനിൽ പാചകക്കാരനായി ജോലി ചെയ്യുന്നത്.

GANDHIBHAVAN ROAD SAFETY ACADEMY & ORGANIZATION FOR SOCIAL SERVICE (GROSS)
സന്മാർഗ്ഗ പരിശീലന കേന്ദ്രം
Ph: 9605034000, 9605048000
UNDER MOTOR VEHICLE DEPARTMENT, KERALA

# കാർത്യായനി ഗാന്ധിഭവൻ തണലിൽ

കാർത്യായനിക്ക് 79വയസ്സ്. അവിവാഹിത. ജീവിതം മുഴുവൻ അനിയന്റെയും അനിയത്തിമാരുടെയും മക്കൾക്ക് വേണ്ടി ഉഴിഞ്ഞുവെച്ചു. കഴിഞ്ഞ കുറെ വർഷങ്ങളായി അവർ അനിയന്റെ മകളുടെ വീട്ടിലായിരുന്നു. ആ വീട്ടിൽ 23 വർഷം കാത്തിരുന്ന് കിട്ടിയ മൂന്ന് വയസ്സുകാരി മോളുണ്ട്. കാർത്യായനി ആ കുഞ്ഞിനെ നെഞ്ചോട് ചേർത്താണ് ഉറക്കിയിരുന്നത്.

പക്ഷേ ഇന്ന് ആ വീട് വേദനയിലാണ്. അനിയന്റെ മകൾക്ക് ഗർഭപാത്രത്തിൽ അസുഖം. ഓപ്പറേഷൻ ചെയ്യാൻ കഴിയാത്ത അവസ്ഥ. അവളുടെ ഭർത്താവിന് കാൻസർ. കീമോ കഴിഞ്ഞ് തളർന്ന ശരീരവുമായി അയാൾ കൂലിപ്പണിക്ക് പോകുന്നു. വീട്ടിൽ വരുമാനമില്ല. മരുന്നിന് പോലും നിവൃത്തിയില്ല.

കാർത്യായനിക്ക് പ്രമേഹം, പ്രഷർ. മരുന്ന് മുടങ്ങിയാൽ തളർന്നു വീഴും. നോക്കാൻ ആരുമില്ലാത്ത അവസ്ഥ. ഒരു ദിവസം രാവിലെ കാർ



ത്യായനിയെയും സഞ്ചിയുമായി മരുമകൻ ഗാന്ധിഭവന്റെ പടിക്കൽ വന്നു. 'സാറേ... ഇത് ഭാര്യയുടെ അമ്മായി കാർത്യായനി. എനിക്ക് കാൻസർ ആണ്. ഭാര്യയ്ക്ക് അസുഖമാണ്. അമ്മായിയെ നോക്കാൻ നിവൃത്തിയില്ല.' കാൻസർ വന്നിട്ടും കരയാത്ത മനുഷ്യൻ അന്ന് തേങ്ങി. കാർത്യായനി അയാളുടെ കൈയിൽ പിടിച്ചു. 'മോനേ, നീ മോളെ നോക്കിക്കോ. ഞാൻ ഇവിടെ സുഖമായിരിക്കും.' അന്ന് ഉച്ചയ്ക്ക് ഗാന്ധിഭവനിലെ മാവിൻചുവട്ടിൽ കാർത്യായനിക്ക് കൂട്ടുകാരികളെ കിട്ടി. വൈകുന്നേരം അവർ പ്രാർത്ഥിച്ചു 'എന്റെ മോൾക്കും അവളുടെ ഭർത്താവിനും സുഖം കൊടുക്കണേ.'

ഉപേക്ഷിക്കപ്പെട്ടതല്ല കാർത്യായനി. നിസ്സഹായതയ്ക്ക് മുന്നിൽ തോറ്റുപോയ ഒരു കുടുംബം, വല്യമ്മയ്ക്ക് സുരക്ഷിതമായി ഒരിടം തേടിക്കൊടുത്തതാണ്. ഗാന്ധിഭവൻ കൈവിടുന്നില്ല. ചേർത്തുപിടിക്കുന്നു.

# മൂന്ന് വയോധികർക്ക് ഒരു ദിവസം അഭയമേകി

**രാഘവൻ**

പറവൂർ സ്വദേശി 79 വയസ്സുള്ള രാഘവൻ സ്ട്രോക്ക് വന്നു ശരീരം തളർന്നു. പുനലൂർ താലൂക്ക് ആശുപത്രിയിൽ ചികിത്സയിലായി. എഴുന്നേൽക്കാൻ പറ്റാത്ത അവസ്ഥ. 35 വർഷമായി ഭാര്യ ഉപേക്ഷിച്ചുപോയിട്ട്. സ്വന്തമായി വീടോ വസ്തുവോ ഇല്ല. ആശുപത്രി വിട്ടാൽ കിടക്കാൻ ഇടമില്ല. ഈ വിവരം അറിഞ്ഞ പിറവന്തൂർ പഞ്ചായത്ത് മെമ്പർ എം. മായ വിവരം പത്തനാപുരം എം.എൽ.എ. ജ്യോതികുമാർ ചാമക്കാലയെ അറിയിക്കുകയും അദ്ദേഹം ഇടപെട്ട് ഗാന്ധിഭവനിൽ എത്തിക്കുകയും ചെയ്തു.

**ബേബി ജോർജ്ജ്**

പട്ടാഴി സ്വദേശി ബേബി ജോർജ്ജ് (60 വയസ്സ്) ഗുരുതരമായ രോഗങ്ങൾക്ക് അടിമപ്പെട്ട് കിടപ്പിലാകുകയും ഭാര്യ തിരുവനന്തപുരത്ത് ഒരു വീട്ടിൽ ജോലി ചെയ്യുന്നു. ആയതിനാൽ രോഗിയായ ബേബി ജോർജ്ജ് വീട്ടിൽ തനിച്ചായി. ഇതറിഞ്ഞ സമീപവാസി പോൾ വാർഡ് മെമ്പറായിട്ടുള്ള സതീഷ് എന്നിവർ ചേർന്ന് എം.എൽ.എ. ജ്യോതികുമാർ ചാമക്കാലയെ അറിയിക്കുകയും ഗാന്ധിഭവനിൽ എത്തിക്കുകയും ചെയ്തു.

**രാജമ്മ**

കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ ഉപേക്ഷിച്ച 80 വയസ്സുള്ള രാജമ്മ സ്വന്തം കാര്യങ്ങൾ നോക്കാൻ കഴിയാതെ ഒരേ കിടപ്പിലായിരുന്നു, അവരെ അന്വേഷിച്ച്



ആരും എത്തിയില്ല. ഈ വിവരം അറിഞ്ഞ പൊതുപ്രവർത്തകൻ അനിൽ ആഴാവീട് കടയ്ക്കൽ പോലീസിൽ അറിയിക്കുകയും പോലീസ് കുമ്മിൾ പഞ്ചായത്ത് പ്രസിഡന്റ് അശ്വതി ഉത്തമനുമായി ബന്ധപ്പെട്ട് ഗാന്ധിഭവനിൽ എത്തിച്ചു.

ഗുരുതരമായ രോഗാവസ്ഥയിൽ എത്തിയ മൂന്നുപേരെയും ഗാന്ധിഭവൻ പാലിയേറ്റീവ് സെന്ററിൽ പ്രവേശിപ്പിച്ച് സമഗ്ര ചികിത്സാ പദ്ധതികൾക്കു തുടക്കം കുറിച്ചു.

**അടുത്ത ലക്കം ഗാന്ധിഭവൻ സ്നേഹ രാജ്യത്തിൽ**
**വിവിധരംഗങ്ങളിൽ പ്രശസ്തരായ വനിതകൾ പങ്കെടുക്കുന്ന ചർച്ച**
## "നിങ്ങളുടെ ശത്രു ആരാണ് ? എന്താണ് കാരണം?"

# ഇന്ന് മനുഷ്യർക്ക് അവകാശപ്പെട്ട അധികാരം തിരിച്ചുകിട്ടിയിരിക്കുന്നു

**ഡോ. അലക്സാണ്ടർ ജേക്കബ് (മുൻ ഡി.ജി.പി.)**

ഇന്ന് മനുഷ്യർക്ക് അവകാശപ്പെട്ട അധികാരം തിരിച്ചുകിട്ടി യിരിക്കുകയാണെന്നും, എന്നാൽ ആദ്യകാലത്ത് മനുഷ്യരെ ഒന്നായി കാണാൻ കഴിഞ്ഞില്ലെന്നും മുൻ ഡി.ജി.പി. ഡോ. അലക്സാണ്ടർ ജേക്കബ് പത്തനാപുരം ഗാന്ധിഭവനിൽ നടന്ന സെമിനാറിൽ "മനുഷ്യനും മനുഷ്യത്വവും" എന്ന വിഷയം അവതരിപ്പിച്ചു കൊണ്ടു പറഞ്ഞു.

ബൈബിൾ, ഭഗവദ്ഗീത, ഖുറാൻ എന്നീ മഹദ് ഗ്രന്ഥ ങ്ങളെ ഉദ്ധരിച്ചുകൊണ്ട് അതിലെ നന്മതിന്മകളെ വെളിപ്പെ ടുത്തുകയായിരുന്നു അദ്ദേഹം.

നിയമവിരുദ്ധമായിരുന്ന 'ചൂതുകളി'യിൽ തോറ്റ പഞ്ച പാണ്ഡവർ കൗരവർക്കു മുന്നിൽ പാഞ്ചാലിയെ പണയം വെച്ചപ്പോൾ, പാഞ്ചാലി ചോദിച്ച ചോദ്യങ്ങൾക്കു ഉത്തരം നൽകാൻ കഴിയാതെ ഇരുകൂട്ടരും നാണിച്ചുനിൽക്കുകയാ യിരുന്നെന്നും മുൻ ഡി.ജി.പി. പറയുകയുണ്ടായി.

അതുപോലെ കേരളം ഭരിച്ചിരുന്നത് പുലയന്മാരും പറയന്മാരും കുറവന്മാരുമാണെന്നും ആറ്റുകാലമ്മ കുറത്തി യാണെന്നും അദ്ദേഹം വ്യക്തമാക്കി.

മദർ തെരേസയുടെ മഹത്വം മനസ്സിലാക്കിയതുകൊ ണ്ടാണ് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പ്രോട്ടോ ക്കോൾ ലംഘിച്ചുകൊണ്ട് വിമാനത്താവളത്തിൽ ചെന്ന് മദർ തെരേസയെ സ്വീകരിച്ചത്. അതുപോലെ നിരീശ്വരവാ ദിയും കമ്മ്യൂണിസ്റ്റുകാരനും ബംഗാൾ മുഖ്യമന്ത്രിയുമായി രുന്ന ജ്യോതി ബസു മദർ തെരേസയുടെ ആരാധകൻ കൂടി യായിരുന്ന കാര്യവും ഡോ. അലക്സാണ്ടർ വ്യക്തമാക്കി.



# സൗജന്യ നിയമസേവനം **കെൽസ**




സമൂഹത്തിലെ ദുർബല വിഭാഗങ്ങൾ ക്ക് നിയമസഹായ സേവനം നൽകുന്ന തിനായി സ്റ്റാറ്റിയൂട്ടറി ബോഡികൾ സൃഷ്ടിച്ചുകൊണ്ട് 1987 ലാണ് ലീഗൽ സർവ്വീസ് അതോറിറ്റി ആക്ട് പാസാ ക്കിയത്.

ആക്സെസ് ടു ജസ്റ്റിസ് ഫോർ ആൾ എന്നാണ് ലീഗൽ സർവ്വീസ് അതോറിറ്റിയുടെ മുദ്രാവാക്യം.

കേരള സർക്കാർ 1998 ഏപ്രിൽ 25 ന് കേരള സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റി (കെൽസ) രൂപീകരിച്ചു. അതോറിറ്റിയുടെ രക്ഷാധികാരി കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് ആണ്.

കേരള സംസ്ഥാന ലീഗൽ സർവ്വീ സസ്, അതോറിറ്റിയുടെ ആസ്ഥാനം എറണാകുളത്താണ്.

കേരള സംസ്ഥാന ലീഗൽ സർവ്വീ സ് അതോറിറ്റി തർക്ക പരിഹാരത്തിന് തുടക്കമിട്ട മൂന്നു പദ്ധതികളാണ്.

സമയം, സമന്വയ, അതിജീവനം

സമയം

പോലീസ് സ്റ്റേഷനുകളിൽ വർ ദ്ധിച്ചുവരുന്ന സിവിൽ സ്വഭാവമുള്ള തർക്കങ്ങൾ അദാലത്ത് മുഖേന പരി ഹരിക്കുന്ന കേരള ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ പദ്ധതിയാണ് സമയം.

സമന്വയ

ജില്ല നിയമ സേവന അതോറിറ്റി കൾ കൗൺസിലർമാരുടെ കൗൺസി ലിംഗ് ലഭ്യമാക്കുന്ന കേരള ലീഗൽ സർവ്വീസ് അതോറിറ്റി പദ്ധതിയാണ് സമന്വയ.

2010 ൽ ഗാന്ധിഭവനിൽ കെൽസ ലീഗൽ എയ്ഡ് ക്ലിനിക് അന്ന് ഹൈക്കോടതി ജഡ്ജും കെൽസാ എക്സിക്യൂട്ടീവ് ചെയർമാൻ ജസ്റ്റിസ് സി.എൻ. രാമചന്ദ്രൻ നായർ ഉദ്ഘാട നം ചെയ്തു. മെമ്പർ സെക്രട്ടറി ജഡ്ജ് വി. മോഹനദാസ് അദ്ധ്യക്ഷത വഹിച്ചു.

ഹൈക്കോടതിയിലേക്കും സുപ്രീം കോടതിയിലേക്കും ജില്ലാ കോടതിക ളിലെയും ഒട്ടേറെ ജഡ്മാരും ഗാന്ധി ഭവനിൽ അദാലത്തുകളിലും എത്തി ചേർന്ന് പരാതികൾക്ക് പരിഹാരം കണ്ടിട്ടുണ്ട്.

# ഏലിയാമ്മ അമ്മച്ചിയുടെ ഗാന്ധിഭവൻ യാത്ര



ഏലിയാമ്മ 85 വയസ്സ്. രാവിലെ എട്ടു മണിക്കു വീട്ടിൽ നിന്നിറങ്ങും. പരിചയക്കാരെ കണ്ട് സംസാരിച്ച് നടത്തം തുടരും. കൃത്യം 11 മണിയോടെ ഗാന്ധിഭവനു മുന്നിൽ എത്തും.

വെളുത്ത മുണ്ടും ചട്ടയും ധരിച്ച് മെല്ലെ മെല്ലെ നടന്നുവരുന്ന ഗാന്ധിഭവനിലെ കുടുംബാംഗം. എത്രയോ കാലമായി ഈയമ്മ ഇവിടെ വരുന്നു. നേരെ ഭക്ഷണശാലയിലേക്ക്, ഇലയിട്ട് സദ്യയുണ്ണുന്നു. വലതു കൈയിൽ ഒരു സഞ്ചി. അതിൽ നാലഞ്ചു പ്ലാസ്റ്റിക് പാത്രങ്ങൾ.

കൊണ്ടുവന്ന പാത്രങ്ങളിൽ ഉച്ചഭക്ഷണം പോലെ വിഭവങ്ങൾ വാങ്ങും. പിന്നെ മടക്കം.

തിരുവല്ല കവിയൂരിലാണ് ജന്മസ്ഥലം. പത്തനാപുരം ടൗണിൽ നിന്ന് 6 കി.മീറ്റർ അകലെ കൈതപ്പടിയിലേക്കാണ് വിവാഹം കഴിച്ചു കൊണ്ടുവന്നത്. 4 മക്കൾ. രണ്ടാണും രണ്ടു പെണ്ണും. എല്ലാവരും വിവാഹിതരായി കുടുംബത്തോടെ ജീവിക്കുന്നു.

ഏലിയാമ്മയുടെ ഭർത്താവ് 25 വർഷം മുമ്പു മരിച്ചു. അതിനുശേഷമാണ് ഏലിയാമ്മ ഒറ്റപ്പെട്ടുപോയത്. അപ്പോൾ ആഹാരം ഒരു പ്രശ്നമായി. ഗാന്ധിഭവനിൽ ചെന്നാൽ വയറുനിറയെ ആഹാരവും സ്നേഹവും ലഭിക്കുമെന്നറിഞ്ഞപ്പോൾ യാത്ര അങ്ങോട്ടായി. സെക്രട്ടറി പുനലൂർ സോമരാജനെ കണ്ടു.

കഴിഞ്ഞ രണ്ടരവർഷമായി ഒരു ദിവസം പോലും മുടക്കമില്ലാതെ ഏലിയാമ്മ ഗാന്ധിഭവനിൽ വരുന്നു, ഭക്ഷണം കഴിച്ച് പാഴ്സലുമായി തിരികെപോകുന്നു.

"ആഹാരവും വസ്ത്രവും ഇവിടന്നു തരും. പിന്നെ സ്നേഹവും." ഏലിയാമ്മ മടക്കയാത്രയിൽ പറഞ്ഞു.

## നഴ്സിംഗ്-ലോ കോളേജ് വിദ്യാർത്ഥികളുടെ കലാപരിപാടികൾ

ഗാന്ധിഭവൻ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കോഴഞ്ചേരി മുത്തൂറ്റ് നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികളും പത്തനാപുരം ഡിവൈൻ ലോ കോളേജിലെ നിയമവിദ്യാർത്ഥികളും ഗാന്ധിഭവൻ ചിൽഡ്രൻസ് ഹോമിലെ കുട്ടികളും വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

കോഴഞ്ചേരി മുത്തൂറ്റ് നഴ്സിംഗ് കോളേജ് പ്രൊഫ. നീതു മറിയം എബ്രഹാം, പ്രൊഫ. സിജി ജോസ്, പത്തനാപുരം ഡിവൈൻ കോളേജ്



പ്രിൻസിപ്പൽ ഡോ. എൻ. ബിനു. അസി. പ്രൊഫസർമാരായ പി.എൻ. അർപ്പിത, എസ്. ലിസി, ഗോപാലകൃഷ്ണപിള്ള, നിഷ ജി. നായർ, എസ്. ലക്ഷ്മി, അശ്വിനി ജി. വിജയൻ, എസ്. അഞ്ജന, ടി. ആതിര, മുകുൽ ദേവ്, അനുപമ എന്നിവർ സംസാരിച്ചു. ഷാഹിദാ കമാൽ സ്വാഗതമാശംസിച്ചു.

# രണ്ടുവയസ്സുകാരിയുമായി തിരുവോണദിനത്തിൽ ഗാന്ധിഭവനിൽ അഭയം തേടി കുടുംബം



തിരുവോണദിനത്തിൽ രണ്ടുവയസ്സുള്ള മകളുമായി അഭയം തേടി ഒരു കുടുംബം പത്തനാപുരം ഗാന്ധിഭവനിലെത്തി. കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ ആദിനാട് ഉള്ളന്നൂർ വീട്ടിൽ വാടകയ്ക്ക് താമസിച്ചുവന്നിരുന്ന അൻസർ ഹമീദ് കുഞ്ഞും (44), ഭാര്യ സൗമ്യ യൂസഫും (38), മകൾ ഹാദിയയുമാണ് ജീവിതത്തിൽ മറ്റൊരു വഴിയുമില്ലാതെ ഗാന്ധിഭവനിൽ അഭയം തേടിയത്.

സൗമ്യയുടെ കാലിലുണ്ടായ ചെറിയ മുറിവ് പിന്നീട് പഴുത്ത് ഗുരുതരമായ വ്രണമായി മാറുകയായിരുന്നു. ഇതിനെ തുടർന്ന് ഒരാഴ്ചയോളം കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ചികിത്സയിൽ കഴിയേണ്ടിവന്നു. ചികിത്സയിലായിരുന്ന സമയത്ത് താമസിച്ചിരുന്ന വാടകവീടും നഷ്ടമായി. വീട്ടുടമസ്ഥർ ഇവരെ വീട്ടിൽനിന്ന് ഒഴിപ്പിച്ചതോടെ രണ്ടുവയസ്സുകാരിയായ മകളുമായി കുടുംബം അക്ഷരാർത്ഥത്തിൽ പെരുവഴിയിലായി.

ചികിത്സയും താമസസൗകര്യമില്ലായ്മയും സാമ്പത്തിക പ്രതിസന്ധിയും ഒരുമിച്ചെത്തിയതോടെ എന്തുചെയ്യണമെന്നറിയാതെ നിസ്സഹായരായ അവസ്ഥയി ലായിരുന്നു കുടുംബം. കൈക്കുഞ്ഞുമായി സുരക്ഷിതമായ ഒരിടം തേടിയെങ്കിലും സഹായിക്കാനോ അഭയം നൽകാനോ ബന്ധുക്കളോ സുഹൃത്തുക്കളോ ഉണ്ടായിരുന്നില്ല.

തുടർന്നാണ് കുടുംബം കരുനാഗപ്പള്ളി എം.എൽ.എ സി.ആർ. മഹേഷിനെ സമീപിച്ചത്. കുടുംബത്തിന്റെ ദുരവസ്ഥ മനസ്സിലാക്കിയ എം.എൽ.എ ഗാന്ധിഭവൻ സ്ഥാപകൻ പുനലൂർ സോമരാജനെ ബന്ധപ്പെടുകയായിരുന്നു. എം.എൽ.എയുടെ ഇടപെടലിനെ തുടർന്ന് ഗാന്ധിഭവൻ ഇവർക്ക് അഭയം നൽകാൻ തയ്യാറായി. ഗാന്ധിഭവൻ കോ-ഓർഡിനേറ്റർ സിദ്ധിഖ് മംഗലശ്ശേരിയുടെ നേതൃത്വത്തിൽ കരുനാഗപ്പള്ളി പൊലീസ് സ്റ്റേഷനിലെത്തി അൻസറിനെയും ഭാര്യ സൗമ്യയെയും മകൾ ഹാദിയയെയും ഏറ്റെടുത്ത് പത്തനാപുരം ഗാന്ധിഭവനിലേക്ക് കൊണ്ടുവരികയായിരുന്നു.

തിരുവോണദിനത്തിൽ അഭയം തേടിയെത്തിയ കുടുംബത്തെ തിരുവോണസദ്യ നൽകിയാണ് ഗാന്ധിഭവൻ കുടുംബം സ്വീകരിച്ചത്. ചികിത്സ തുടരേണ്ട സൗമ്യയ്ക്കും രണ്ടുവയസ്സുകാരിയായ ഹാദിയയ്ക്കും അൻസറിനും സുരക്ഷിതമായ താമസവും ആവശ്യമായ പരിചരണവും ഗാന്ധിഭവനിൽ ലഭ്യമാകും.

# ശ്രീനാരായണഗുരുവും മഹാത്മാ അയ്യങ്കാളിയും വെളിച്ചം പകർന്ന നവോത്ഥാന നായകന്മാർ

- ആർ. ചന്ദ്രശേഖരൻ




ശ്രീനാരായണഗുരുവും മഹാത്മാ അയ്യങ്കാളിയും കേരളത്തിലെ ഇരുട്ടു മാറ്റി വെളിച്ചം പകർന്ന നവോത്ഥാന നായകന്മാരാണെന്ന് ഐ.എൻ.ടി.യു.സി. സംസ്ഥാന പ്രസിഡന്റ് ആർ. ചന്ദ്രശേഖരൻ.

പത്തനാപുരം ഗാന്ധിഭവനിൽ ശ്രീനാരായണഗുരു-മഹാത്മാ അയ്യങ്കാളി ജയന്തിദിനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഗുരുധർമ്മ പ്രചരണസഭ കേന്ദ്ര കമ്മിറ്റിയംഗം ശ്രീ. പിറവന്തൂർ രാജൻ അദ്ധ്യക്ഷത വഹിച്ചു.

ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ സ്വാഗതമാശംസിച്ചു.

ചലച്ചിത്രസംവിധായകനും യുട്യൂബറുമായ ശാന്തിവിള ദിനേശ്, പിറവന്തൂർ ഗോപാലകൃഷ്ണൻ, ബി. പ്രേമാനന്ദൻ, പല്ലിശ്ശേരി എന്നിവർ സംസാരിച്ചു.

# വിക്രമനും ഇന്ദിരയ്ക്കും ഗാന്ധിഭവൻ അഭയമായി



കിടപ്പുരോഗിയായ ഇന്ദിരയ്ക്കും വയോധികനായ വിക്രമനും ജീവിത സായാഹ്നത്തിൽ കൈത്താങ്ങായി പത്തനാപുരം ഗാന്ധിഭവൻ.

ജീവിതത്തിന്റെ സായാഹ്നത്തിൽ സംരക്ഷണത്തിനായി മറ്റാരുമില്ലാതെ ദുരിതത്തിലായിരുന്ന വയോധിക ദമ്പതികൾക്ക് പത്തനാപുരം ഗാന്ധിഭവൻ ഇന്റർനാഷണൽ ട്രസ്റ്റ് അഭയമായി. കൊല്ലം പട്ടത്താനം സ്വദേശികളായ ജി. വിക്രമനും ഭാര്യ ഇന്ദിര ബി.യും ഇനി സുരക്ഷിതമായ പരിചരണവും കരുതലും ലഭിക്കുന്ന ഗാന്ധിഭവന്റെ സംരക്ഷണത്തിലായിരിക്കും.

കുണ്ടറ ഗ്രാമപഞ്ചായത്തിലെ മുളവന ഒന്നാം വാർഡിൽ ഇരുന്നില ജംഗ്ഷനിലെ ഗുരുമന്ദിരത്തിന് സമീപമുള്ള തോട്ടത്തിൽ വീട്ടിൽ മകൾ രഞ്ജു റാണിയുടെ വീട്ടിൽ ആണ് മറവിരോഗം ബാധിച്ച പിതാവ് വിക്രമനെയും പക്ഷാഘാതത്തെ തുടർന്ന് കിടപ്പിലായിരുന്ന മാതാവ് ഇന്ദിരയും കഴിഞ്ഞ മൂന്ന് മാസമായി താമസിച്ചിരുന്നത്.

കുടുംബത്തിന്റെ ദയനീയമായ സാഹചര്യം ആദ്യം ശ്രദ്ധയിൽപ്പെട്ടത്. വിഷയം ഏറ്റെടുത്ത സരിണി അനിൽ മന്ത്രി പി സി വിഷ്ണുനാഥ്, മറ്റ് ജനപ്രതിനിധികളുടെയും ആശാ പ്രവർത്തകരുടെയും സാമൂഹിക പ്രവർത്തകരുടെയും സഹകരണത്തോടെ ദമ്പതികൾക്ക് സുരക്ഷിതമായ സംരക്ഷണം ഉറപ്പാക്കാനുള്ള ഇടപെടലുകൾ ആരംഭിച്ചു.

വിക്രമനും ഇന്ദിരയ്ക്കും ഒരു മകനും ഒരു മകളുമാണുള്ളത്. മകൻ കുടുംബവുമായി ബന്ധമില്ലാത്ത സാഹചര്യത്തിലാണ്. വർഷങ്ങൾക്ക് മുമ്പ് ഭർത്താവിനെ നഷ്ടപ്പെട്ട മകൾ രഞ്ജു റാണി മാത്രമാണ് പിന്നീട് മാതാപിതാക്കളുടെ ഏക ആശ്രയമായി മാറിയത്. എന്നാൽ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്ത് കുടുംബം പുലർത്തുന്ന രഞ്ജു റാണിക്ക് ജോലിക്കൊപ്പം കിടപ്പുരോഗിയായ അമ്മയെയും വയോധികനായ പിതാവിനെയും മുഴുവൻ സമയവും പരിചരിക്കുക അസാധ്യമായിരുന്നു.

# ജാതി ഭീകരന്മാർക്കെതിരെ പൊരുതാൻ നമ്മളിനി മഹാനായ അയ്യങ്കാളിയിലേക്കു തിരിച്ചുപോകണം

**- പി. രാമഭദ്രൻ (കെ.ഡി.എഫ്. സംസ്ഥാന പ്രസിഡന്റ്)**




ഇന്നു കാണുന്ന ഭാരതം കെട്ടിപ്പടുക്കുന്നതിൽ വലിയ പങ്കുവഹിച്ചത് ദളിതരാണ്. അങ്ങനെയുള്ള ദളിതർ ഭരണത്തിന്റെ ഉന്നതപദവിയിൽ എത്തിയാൽ പോലും ശുദ്ധികലശം നടത്തി അപമാനിക്കുന്ന ജാതിഭീകരന്മാർക്കെതിരെ പൊരുതാൻ മഹാനായ അയ്യങ്കാളിയിലേക്കു തിരിച്ചുപോകണമെന്ന് കേരള ദളിത് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് പി. രാമഭദ്രൻ പറഞ്ഞു.

മഹാത്മാ അയ്യങ്കാളി ജയന്തി ഒരു വാരക്കാലം നീണ്ടുനിൽക്കുന്ന ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്ന അദ്ദേഹം.

വിദ്യാഭ്യാസവിപ്ലവം അടക്കം നിരവധി സമരമാർഗ്ഗങ്ങളിലൂടെ സമൂഹത്തിനു വെളിച്ചം പകർന്ന മഹാനാണ് മഹാനായ അയ്യങ്കാളി. തിന്മകളോട് യാതൊരു തരത്തിലും വിട്ടുവീഴ്ച ചെയ്തിട്ടില്ലാത്ത വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേതെന്ന് രാമഭദ്രൻ തുടർന്നു പറഞ്ഞു.

ഗാന്ധിഭവൻ ഓഡിറ്റേറിയത്തിൽ നടന്ന ആഘോഷപരിപാടികളിൽ അദ്ധ്യക്ഷത വഹിച്ചത് രാജൻ വെമ്പിളി ആണ്. ഗാന്ധിഭവൻ സെക്രട്ടറിയും മാനേജിംഗ് ട്രസ്റ്റിയുമായ പുനലൂർ സോമരാജൻ ആമുഖപ്രഭാഷണം നടത്തി. എസ്. സുവർണ്ണകുമാർ, പി. പ്രശാന്ത്, കെ. രതികുമാർ തുടങ്ങിയവർ സംസാരിച്ചു. വെങ്ങാനൂർ സുരേഷ് സ്വാഗതവും പ്രമീള ലാൽ നന്ദിയും പറഞ്ഞു.

# ഇന്ത്യൻ നൃത്തോത്സവം - 26

നാടും നഗരവും ഒത്തുചേർന്ന് ഒരിക്കൽകൂടി ചിങ്ങപ്പുലരിയെ വരവേറ്റവർക്ക് സാംസ്കാരിക-ടൂറിസം വകുപ്പുമന്ത്രി പി.സി. വിഷ്ണുനാഥിന്റെ സാരഥ്യത്തിൽ 'ഇന്ത്യൻ നൃത്തോത്സവം-26' സാംസ്കാരിക നൃത്തവിരുന്ന് കേരളത്തിൽ അരങ്ങേറിയതിന്റെ ഭാഗമായി ഗാന്ധിഭവനിലും നൃത്തം അവതരിപ്പിച്ചു.

ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ നൃത്തോത്സവം ഉദ്ഘാടനം ചെയ്തു.

ജമ്മു-കാശ്മീർ, മഹാരാഷ്ട്ര, ഗുജറാത്ത്, ഹരിയാന, തെലുങ്കാന എന്നീ സംസ്ഥാനങ്ങളിലെ കലാപ്രതിഭകളാണ് പങ്കെടുത്തത്.

ഹരിയാനയിലെ ഘൂമർ നൃത്തം, മഹാരാഷ്ട്രയിലെ ലാവണി നൃത്തം, ജമ്മു-കാശ്മീരിലെ റൗഫ് നൃത്തം, തെലുങ്കാനയിലെ ദിംസ നൃത്തം, ഗുജറാത്തിലെ സിദ്ദിധമാൽ നൃത്തം എന്നിവയാണ് അവതരിപ്പിച്ച് കയ്യടി നേടിയത്.

ഭാരത് ഭവൻ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആകർഷ് എ.കെ., കുമാരി കൃഷ്ണേന്ദു, ധനീഷ് എം. എന്നിവരുടെ നേതൃത്വത്തിലാണ് ഭാരത് ഭവനും സൗത്ത് സോൺ കൾച്ചറൽ സെന്ററും നൃത്തോത്സവം സംഘടിപ്പിച്ചത്.












# ഗാന്ധിഭവൻ നല്ലോണം പൊന്നോണം 2K26















GANDHIBHAVAN INTERNATIONAL TRUST
Pathanapuram, Kollam, Kerala







# ഗാന്ധിഭവൻ ഫെയറിലാന്റ് ഓണാഘോഷം





പത്തനംതിട്ട ജില്ലയിലെ ഊന്നുകൽ എന്ന സ്ഥലത്ത് രണ്ടര ഏക്കറിൽ ഭിന്നശേഷിക്കാർക്കു വേണ്ടി സ്ഥാപിച്ചതാണ് ഫെയറിലാന്റ്.

2025 ലാണ് ഫെയറിലാന്റിന്റെ പ്രവർത്തനം തുടങ്ങിയത്. ആ നാട്ടുകാരനും വിദേശ മലയാളിയുമായ സജിയും കുടുംബവുമാണ് ഫെയറിലാന്റ് ഗാന്ധിഭവനു നൽകിയത്. രണ്ടര ഏക്കറിൽ ലാറി ബേക്കലിന്റെ ശിഷ്യർ പണിതുയർത്തിയ വീടുകൾ ഇതിനകം ശ്രദ്ധ നേടിക്കഴിഞ്ഞു.

ഫെയറിലാന്റ് ഗാന്ധിഭവനു നൽകിയ സജി എബ്രഹാം സാമ്പത്തികബുദ്ധിമുട്ടുമായിട്ടാണ് പഠിച്ചതും വളർന്നതും. അന്ന് തൊട്ടേ ഇല്ലാത്തവരേയും ഭിന്നശേഷിക്കാരേയും സഹായിക്കണമെന്ന ആഗ്രഹത്തോടെയാണ് വിദേശത്തേക്കു പോയത്. അത്യാവശ്യം സൗകര്യമുണ്ടായപ്പോൾ മറ്റുള്ളവരെ  സഹായിക്കാനുള്ള ആഗ്രഹം കൂടി കൂടി വന്നു.

ഒരു നാൾ നാട്ടിൽ വന്നപ്പോൾ സജിയും കുടുംബവും ഗാന്ധിഭവൻ സന്ദർശിച്ചു. ആ സന്ദർശനമാണ് സജിയുടെ മനസ്സു മാറ്റിയതും, അർഹതപ്പെട്ട സ്ഥലം ഗാന്ധിഭവൻ ആണെന്നു തിരിച്ചറിഞ്ഞതും. പിന്നെ താമസിച്ചില്ല, ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജനുമായി തന്റെ ആഗ്രഹം പങ്കുവച്ചു. അങ്ങനെയാണ് ഊന്നുകല്ലിൽ രണ്ടര ഏക്കർ സ്ഥലം വാങ്ങി ഫെയറിലാന്റ് പണിതത്.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വന്ന ഭിന്നശേഷിക്കാരായ പതിനെട്ടു വയസ്സിനു മുകളിലുള്ള കുട്ടികളാണ് അവിടെയുള്ളത്.

ഇത്തവണ ഓണാഘോഷം വിവിധ മത്സരങ്ങളോടെയായിരുന്നു. മത്സരവിജയികൾക്ക് ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജനും സജിയും സജിയുടെ മകളും സമ്മാനങ്ങൾ നൽകി. സന്തോഷത്തോടെയാണ് സജിയും കുടുംബവും ഫെയറിലാന്റിൽ നിന്നും തിരികെ പോയത്.

# ചലച്ചിത്രനടി ശ്രീലതാ നമ്പൂതിരിയുടെ തിരുവോണ സമ്മാനം





പ്രേം നസീർ-ഷീല ജോഡികളെപ്പോലെ മലയാളസിനിമയിൽ തിരക്കുള്ള ഹാസ്യ ജോഡികളായിരുന്നു ശ്രീലതാ നമ്പൂതിരിയും അടൂർ ഭാസിയും. ഗായികയാകാൻ വന്ന ശ്രീലതാ നമ്പൂതിരി പിന്നീട് അഭിനേത്രിയായി മാറുകയായിരുന്നു. അടൂർ ഭാസി-ശ്രീലത കൂട്ടുകെട്ട് വൻ ഹിറ്റായി മാറിയപ്പോൾ നിർമ്മാതാക്കൾ ഇരുവർക്കും പ്രത്യേക റോളുകൾ തന്നെ എഴുതിച്ചേർക്കാൻ തിരക്കഥാകൃത്തുക്കളെ ചട്ടംകെട്ടി.

അഭിനയ ജീവിതത്തിനിടയിൽ നടൻ കൂടിയായ ആയുർവ്വേദ ഡോക്ടർ നമ്പൂതിരിയെ വിവാഹം ചെയ്ത് ശ്രീലത കുടുംബിനിയായി മാറി.

തൃശ്ശൂർ കുന്നംകുളത്ത് വലിയ രീതിയിൽ ആയുർവ്വേദശാല സ്ഥാപിച്ചു. അതിന്റെ മേൽനോട്ടവും ശ്രീലത നമ്പൂതിരി ഏറ്റെടുത്തു. എന്നാൽ ആയുർവ്വേദ വൈദ്യശാല വിജയമായിരുന്നില്ല. അതിന് ഏറെ നഷ്ടങ്ങൾ സംഭവിച്ചു.

ഡോക്ടർ നമ്പൂതിരിയുടെ മരണശേഷം ശ്രീലത വീണ്ടും അഭിനയരംഗത്തേക്കിറങ്ങി. മകൻ വിദേശത്താണ്.

കഴിഞ്ഞ 15 വർഷമായി തിരുവോണനാളിൽ പത്തനാപുരം ഗാന്ധിഭവൻ സന്ദർശിക്കുന്ന ശ്രീലതാ നമ്പൂതിരിയുടെ ഏറ്റവും നല്ല ദിവസം തിരുവോണനാളിലെ ഗാന്ധിഭവൻ സന്ദർശനമാണെന്നു പറഞ്ഞു.

ഇത്തവണ തിരുവോണത്തിനു ഗാന്ധിഭവൻ സന്ദർശിച്ചത് ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജനും പത്നിക്കും ഓണക്കോടികളുമായിട്ടായിരുന്നു.

# രശ്മി അനിലിന്റെ ഓണാഘോഷം





പ്രശസ്ത ടെലിവിഷൻ താരം രശ്മി അനിൽ 2024 ൽ പുതിയ വീട് പണികഴിപ്പിച്ചു താമസം തുടങ്ങി. മലയാളം ടിവി ഷോകളിലും സിനിമകളിലും കോമഡി വേഷങ്ങളിലൂടെ പ്രശസ്തയാണ് രശ്മി അനിൽ. ആലപ്പുഴ ജില്ലയിലെ കായംകുളമാണ് ഇവരുടെ പുതിയ വീട്.

'നിലാവ്' എന്നുപേരിട്ടിരിക്കുന്ന ഈ വീട്ടിൽ എല്ലാ വർഷവും അവിട്ടം ഓണനാളിൽ ഏറ്റവും അടുത്തവരേയും സഹപ്രവർത്തകരേയും ക്ഷണിച്ച് വിഭവസമൃദ്ധമായ സദ്യയും പാട്ടും കോമഡിയുമായി ആഘോഷിക്കാറാണു പതിവ്. ഗാന്ധിഭവനുമായി അടുത്ത ബന്ധം പുലർത്തുന്ന രശ്മി ഗാന്ധിഭവൻ-ഹരിപ്പാട് ആയാപറമ്പ്, കായംകുളം, മുതുകുളം ശാഖകളിലെ അച്ഛനമ്മമാരായ അന്തേവാസികൾക്ക് ഓണക്കോടികളും സദ്യയും നൽകി വരുന്നു.

ഇത്തവണ അവിട്ടം ആഘോഷത്തിൽ പങ്കെടുക്കുന്നതിന് ഗാന്ധിഭവൻ അമ്മമാരെയും അച്ഛന്മാരേയും വീട്ടിലേക്കു ക്ഷണിച്ച് ഓണക്കോടികൾ നൽകി. മുഖ്യാതിഥി പുനലൂർ സോമരാജൻ ആയിരുന്നു. സരിത കലാഭവൻ, ദിലീപ്, പ്രശാന്ത്, അനിൽ, എഴുത്തുകാരൻ അജിത്ത് കണ്ടല്ലൂർ, ഗാന്ധിഭവൻ ഓർഗനൈസിംഗ് സെക്രട്ടറി മുഹമ്മദ് ഷെമീർ, മംഗല്യ അനീഷ് തുടങ്ങി നിരവധി പേർ പങ്കെടുത്തു.

രശ്മി പുനലൂർ സോമരാജന് ഓണക്കോടി നൽകി ആദരിച്ചു.

# ഗാന്ധിഭവൻ - ഡി അഡിക്ഷൻ സെന്ററിൽ ഓണാഘോഷം




അടൂർ ഗാന്ധിഭവൻ ഡി-അഡിക്ഷൻ സെന്ററിലെ ഓണാഘോഷം നിരവധി കലാപരിപാടികളോടെ വ്യത്യസ്തമായ ഓണാഘോഷം നടത്തി. 2008 ൽ സ്ഥാപിച്ച ഇവിടെ നാല്പതോളം പേരാണ് ചികിത്സ വിധേയരായി വിശ്രമിക്കുന്നത്.

ഭൂരിഭാഗം ചെറുപ്പക്കാരേയും ലഹരിയുടെ അടിമകളായിത്തീർന്നശേഷമാണ് ഡി-അഡിക്ഷൻ പുനരധിവാസ കേന്ദ്രത്തിൽ എത്തിക്കുന്നത്. ഇവരിൽ അപകടകാരികളും ഉണ്ട്. അവരെയൊക്കെ രണ്ടു മൂന്നു ദിവസം നിരീക്ഷണത്തിനു വിധേയരാക്കിയശേഷമാണ് മറ്റു മുറികളിലേക്കു മാറ്റിയത്.

പൂർണ്ണമായും അസുഖം മാറിയവരും, അസുഖം മാറിയവരിൽ ചിലർ ഗാന്ധിഭവൻ സേവകരാകുകയും ചെയ്തു. ഇവരെയൊക്കെ പരിശോധിക്കാൻ എം.എസ്.ഡബ്ലിയുക്കാരായ ഏതാനും യുവതികളും ഉണ്ട്. അവരെല്ലാം ചേർന്നാണ് ഇത്തവണ ഓണാഘോഷം നടത്തിയത്. അവരോടൊപ്പം ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജനും പങ്കെടുത്തു.

# പ്രതിസന്ധികളെ അതിജീവിച്ച് ചൈതന്യ സുമംഗലിയായി



മഴക്കാറുകൾ ഉരുണ്ടുകൂടി നിന്നെങ്കിലും ഒരു നല്ല കാര്യം നടക്കാൻ പോകുന്നതിനു വിഘ്നം വരുത്താതെ എന്നോണം മഴക്കാർ അകന്നുമാറി.

ഗാന്ധിഭവൻ വളർത്തി പഠിപ്പിച്ച് ഉദ്യോഗസ്ഥയാക്കിയ ചൈതന്യയുടെ വിവാഹം ഗാന്ധിഭവൻ സ്നേഹമന്ദിർ ഓഡിറ്റോറിയത്തിൽ വെച്ച് ആഗസ്ത് 31 ന് നടന്നു.

പുനലൂർ സോമരാജനും ഭാര്യ പ്രസന്ന രാജനും ചേർന്നാണ് സ്വന്തം മകളായി വളർത്തിയ ചൈതന്യയെ കല്യാണ മണ്ഡപത്തിലേക്കു ചേർത്തുപിടിച്ച് ആനയിച്ചത്.

ആയിരത്തിലേറെ ഗാന്ധിഭവൻ കുടുംബങ്ങളുടേയും മന്ത്രി അഡ്വ. ബിന്ദു കൃഷ്ണ, മുൻ മന്ത്രി കെ.ബി. ഗണേഷ്കുമാർ അടക്കമുള്ള പ്രമുഖരുടേയും സാന്നിദ്ധ്യത്തിൽ കെ.ബി. ഗണേഷ്കുമാർ എടുത്തുകൊടുത്ത താലിമാല അണിയിച്ചുകൊണ്ടാണ് അഖിലും ചൈതന്യയും പുതിയ ജീവിതത്തിലേക്കു കടന്നത്.



വിവാഹച്ചടങ്ങിനു തുടക്കമിട്ടുകൊണ്ട് മന്ത്രി അഡ്വ. ബിന്ദു കൃഷ്ണ നിലവിളക്കു കൊളുത്തി വധൂവരന്മാരെ ആശീർവദിച്ചു സംസാരിച്ചു. സ്വാമി അസംഗാനന്ദ ഗിരി (ശിവഗിരിമഠം), ഡോ. ജോഷ്വാ മാർ ഇഗ്നാത്യോസ് മെത്രാപ്പോലീത്ത, മൗലവി ഷാഖിർ ഹുസൈൻ ദാരിമി എം.ഡി., ധർമ്മരാജൻ, സി.ആർ. നജീബ്, അജിത്ത് കൃഷ്ണ, ഷീജ ഷാനവാസ്, ഷേർളി, എസ്.പി. സുരേഷ്, നടൻ കൈലാസി വിഷ്ണു പ്രകാശ്, ബാബാ അലക്സാണ്ടർ, ഗീത, പവനനാഥൻ, പല്ലിശ്ശേരി തുടങ്ങിയവർ ആശംസകളർപ്പിച്ചു സംസാരിച്ചു. ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ എല്ലാവർക്കും സ്വാഗതമാശംസിച്ചു.









## ഐ.എൻ.ടി.യു.സി. യുടെ കല്യാണസദ്യ

ഗാന്ധിഭവനുമായി അടുത്ത ബന്ധം പുലർത്തുന്ന കോൺഗ്രസ് നേതാവാണ് ഐ.എൻ.ടി.യു.സി. സംസ്ഥാന പ്രസിഡന്റു കൂടിയായ ആർ. ചന്ദ്രശേഖരൻ. മറ്റു പരിപാടികൾ ഉണ്ടായിട്ടും അതെല്ലാം മാറ്റിവച്ച് വിവാഹത്തിൽ പങ്കെടുത്ത് നവദമ്പതികളെ ആശീർവദിച്ചതിനൊപ്പം കല്യാണസദ്യ നടത്തിയത് ആർ. ചന്ദ്രശേഖരാണ്.

സ്വന്തം വീട്ടിൽ നടന്ന വിവാഹത്തിലെന്നപോലെ അവസാനം വരെ ആർ. ചന്ദ്രശേഖരൻ കൂടെ ഉണ്ടായിരുന്നു.

## വിവാഹം നടക്കേ മംഗളസന്ദേശം

ചൈതന്യയുടെ വിവാഹസമയം. തിരക്കിനിടയിൽ പുനലൂർ സോമരാജന് നൽകാൻ സേവനപ്രവർത്തക ആർച്ച അത്യാവശ്യ ഫോൺകോൾ എന്ന് പറഞ്ഞ് ഓടിയെത്തി. തിരക്കിനിടയിൽ ഫോൺ വാങ്ങി സംസാരിച്ചപ്പോൾ മറുതലയ്ക്കൽ നിന്നും. "അവിടെ ചൈതന്യ എന്ന കുട്ടിയുടെ വിവാഹമാണെന്ന് അറിഞ്ഞു. എന്റെ എല്ലാ ആശംസകളും കുട്ടിയെ അറിയിക്കണം."

ഞാൻ ഗാന്ധിഭവനിൽ വന്നപ്പോൾ ആ കുട്ടിയെ കണ്ടിരുന്നതായി ഓർക്കുന്നു. അവളോടു പറയണം, വൈകാതെ ഞാൻ വന്നു കണ്ടോളാം."

മുൻ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമായ പിണറായി വിജയന്റെ വാക്കുകളായിരുന്നു അത്. അദ്ദേഹം



അത്രയധികം ഗാന്ധിഭവനിലെ കുട്ടികളെ സ്നേഹിച്ചിരുന്നു.

കഴിഞ്ഞവർഷം ഓണത്തിന് കുട്ടികൾക്ക് ഓണക്കോടിയ്ക്കായി ഒരു ലക്ഷം രൂപ അദ്ദേഹം കെ. വരദരാജൻ വശം കൊടുത്തയച്ചിരുന്നു.

## ബാബയുടെ മോതിരം

ബാബ അലക്സാണ്ടർ പൊളിറ്റീഷ്യനാണ്. ഗ്ലോബൽ ഗുഡ്വിൽ അമ്പാസിഡറാണ്. എഡ്യൂക്കേറ്ററാണ്. നാഷണൽ ചൈൽഡ് ഡെവലപ്മെന്റ് കൗൺസിൽ എൻ.സി.ഡി.സി. മാസ്റ്റർ ട്രെയിനിയാണ്.

ഒരു രൂപ പോലും ഫീസ് ഇല്ലാതെ ഗെയിമുകൾ വഴി 25 മണിക്കൂർ കൊണ്ട് ഏതു പ്രായത്തിലുള്ളവരേയും ഈസിയായി ഇംഗ്ലീഷ് സംസാരിക്കാൻ പരിശീലിപ്പിക്കണം.

തിരക്കുപിടിച്ച ജീവിതത്തിനിടയിൽ ബാബ അലക്സാണ്ടർ ചൈതന്യയുടെ വിവാഹത്തിൽ പങ്കെടുക്കുന്നതിനു സമയം കണ്ടെത്തി എന്നു മാത്രമല്ല, ഒരു സ്വർണ്ണമോതിരം ചൈതന്യക്കു നൽകുകയും ചെയ്തു.



# ഗാന്ധിഭവൻ ഒന്നിച്ചോണം വേറിട്ടതായി



പത്തനാപുരം ഗാന്ധിഭവൻ ശാഖകളായ ഗാന്ധിഭവൻ മുതുകുളം, ആയാപറമ്പ് ഗാന്ധിഭവൻ സ്നേഹവീട് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടന്ന ഓണാഘോഷം വേറിട്ടതായി. വാർദ്ധക്യകാലത്ത് ഒറ്റപ്പെട്ട 40 ഓളം വയോജനങ്ങളെ ഒത്തുചേർത്ത് മുതുകുളം ഗാന്ധിഭവനിൽ സംഘടിപ്പിച്ച ഓണാഘോഷ പരിപാടി ഡോ. ജോഷ്വാ മാർ ഇഗ്നാത്തിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം നിർവഹിച്ചു. മുതുകുളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ബൈജു ജി എസ് അധ്യക്ഷത വഹിച്ചു. അമ്മമാർ ഒരേ നിറത്തിലുള്ള വസ്ത്രങ്ങൾ അണിഞ്ഞ് ഓണാഘോഷ പരിപാടികളിൽ പങ്കെടുത്തു . രാവിലെ 10 മണിക്ക് നടന്ന ചിരിയോണം എന്ന പരിപാടി പ്രശസ്ത സിനിമാതാരം കലാഭവൻ റഹ്മാൻ ഉദ്ഘാടനം നിർവഹിച്ചു. സ്റ്റേജ് കോമഡി താരങ്ങളായ ജയദേവ് കലവൂർ, ശരത്ത് ശശിധരൻ, രാജൻ ഇടുക്കി എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ടി.എസ്. താഹ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ സുനിൽ സൂര്യമംഗലം, ഗ്രാമപഞ്ചായത്ത് അംഗം ഡി. സുജാത, തിരക്കഥാകൃത്ത് സതീഷ് മുതുകുളം, ജി. രവീന്ദ്രൻ പിള്ള, അഡ്വ. സജീവ് തവക്കൽ, മഹർ ഖാൻ ചേന്നല്ലൂർ, ബെനില സതീഷ് എന്നിവർ സംസാരിച്ചു.

തുടർന്ന് വിഭവസമൃദ്ധമായ സദ്യയും ഓണക്കളികളും നടന്നു. കലാമണ്ഡലം ആതിരയും, കലാകാരി സുസ്മിതയും ചേർന്ന ഡാൻസുകൾ അവതരിപ്പിച്ചു. ഭൈരവി കൈകൊട്ടിക്കളി സംഘം നൃത്താവിഷ്കാരം അവതരിപ്പിച്ചു. ഗാന്ധിഭവൻ സെക്രട്ടറി പുനലൂർ സോമരാജൻ ഓണസന്ദേശം നൽകി. ഡയറക്ടർ മുഹമ്മദ് ഷമീർ സ്വാഗതവും, സുരേന്ദ്രൻ എൻ. നന്ദിയും പറഞ്ഞു.

## വര രുചി

പാച്ചൻ കൊട്ടിയം
9847943456



ഗാന്ധിഭവൻ

# സ്നേഹരാജ്യം

മലയാളത്തിലെ ഏറ്റവും മനോഹരമായ പ്രസിദ്ധീകരണം




ഇനി
ഓൺലൈനായി
വായിക്കാം

www.gandhibhavan.org

വായിക്കുക... വരിക്കാരാവുക...
മഹത്തായ ജീവകാരുണ്യപ്രവർത്തനങ്ങളിൽ
പങ്കാളികളാവുക




Gandhibhavan Sneharajyam
Pathanapuram, Kollam-689695, PH: 0475-2350099, Mob: 9605073000
sneharajyam@gmail.com, www.gandhibhavan.org

RNI No. KERMAL/2007/28720
Gandhibhavan Sneharajyam (Malayalam Monthly)
Date of Publication: 30.08.2026. Vol. No. 21, Issue No. 05 Price ₹ 50




Printed, Published and owned by : PUNALUR SOMARAJAN, Gandhibhavan
Published at Gandhibhavan, Gandhiji Nagar, Kundayam P.O, Pathanapram, Kollam, Kerala-689695, Printed at Orange Printers Pvt. Ltd., TVM
Editor P.S AMALRAJ* (Editor responsible for Selection of Contents under PRB Act)